സോപ്പിന്റെ
ശാസ്ത്രവും രാഷ്ട്രീയവും

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

സോപ്പിന്റെ ശാസ്ത്രവും രാഷ്ട്രീയവും

"ഇത്തവണ ബേബി സോപ്പ് മറക്കരുത് കെട്ടോ. സാധാരണ സോപ്പ് കുഞ്ഞുങ്ങൾക്ക് പറ്റില്ല". മാസാരംഭത്തിൽ തന്നെയുള്ള ഓർമ്മപ്പെടുത്തൽ.

"സമ്മതിച്ചു, മറ്റുസോപ്പുകളുടെ ബ്രാൻറ് മാറ്റമുണ്ടെങ്കിൽ നേരത്തെ പറഞ്ഞേക്കണം. പിന്നീട് പരാതി പറഞ്ഞാൽ പറ്റില്ല".

രാജേഷിന്റേതും ശോഭനയുടേതും ഒരിടത്തരം കുടുംബമാണ്. രണ്ടുപേരും സർക്കാർ ജോലിക്കാർ. ആറുമാസം പ്രായമായ ഇളയകുട്ടിക്കുവേണ്ടിയാണ് ബേബിസോപ്പ്. മൂത്തകുട്ടിക്ക് വരണ്ട തൊലിക്കാർക്കുള്ള പ്രത്യേക സോപ്പുപയോഗിക്കണം; പെൺകുഞ്ഞായതുകൊണ്ടു പ്രത്യേകിച്ചും. ശോഭനക്ക് ഗ്ലിസറിൻ സോപ്പുപയോഗിച്ചാലേ തൃപ്തിയാകൂ. വേറെ ബ്രാൻറ് വേണ്ടെന്നു രാജേഷും- കേരളത്തിലെ ഒട്ടുമിക്ക വീടുകളിലും അരങ്ങേറുന്ന ചിത്രമാണിത്.

മേൽ സൂചിപ്പിച്ചവ കൂടാതെ സാധാരണ തുണികൾക്കും സിൽക്കിനും വേറെ വേറെ അലക്കുസോപ്പ്, അലക്കുപൊടി, ഷാംപൂ, ഷേവിംഗ് സോപ്പ്, പാത്രം കഴുകാനുള്ള പൊടി, തറ വൃത്തിയാക്കാനുള്ള ലോഷൻ എന്നീ സോപ്പനുബന്ധ വസ്തുക്കൾ കൂടി വീട്ടാവശ്യത്തിന് കൂടിയേ പറ്റൂ. സമ്പന്നർക്ക് ഇവയ്ക്കുപുറമെ കാർ കഴുകാനുള്ള വസ്തുക്കളും നായ്ക്കളെ കുളിപ്പിക്കാനുള്ള സോപ്പും മറ്റും വേറെയും വേണ്ടി വന്നേക്കും.

സോപ്പും സോപ്പനുബന്ധ വസ്തുക്കളും നമ്മുടെ ദൈനംദിന

ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. ഒരു സാധാരണ കുടുംബത്തിന്റെ മാസച്ചെലവിൽ സാരമായ ഒരു പങ്ക് സോപ്പിനുവേണ്ടിയുള്ളതാണ് എന്നതല്ലേ സത്യം. അൽപം അതിശയോക്തി എന്നുതോന്നിയേക്കാമെങ്കിലും ഒരു നേരം ഭക്ഷണം കഴിച്ചില്ലെങ്കിലും ഒരു കുളി ഒഴിവാക്കാൻ കഴിയാത്തവരാണ് മലയാളികൾ. അഞ്ചംഗങ്ങളുള്ള ഒരു ശരാശരി കുടുംബം മാസത്തിൽ ചുരുങ്ങിയത് 5 കട്ട ടോയ്‌ലറ്റ് സോപ്പെങ്കിലും ഉപയോഗിക്കുന്നു. 10 രൂപ വീതം വില വെച്ചു കണക്കാക്കിയാൽ പ്രതിമാസ ചെലവ് 50ക. മാസംതോറും അലക്കുപൊടിക്കും പാത്രം കഴുകുന്ന പൊടിക്കും അലക്കുസോപ്പിനുംകൂടി 70 ക (20+20+30) എങ്കിലും ചെലവു വരും. നിറം കളയാത്ത അലക്കുപൊടിക്കും മറ്റും ചെലവ് വേറെ. ഒരു ചെറിയ കുപ്പി ഷാംപൂവിന്റെ 30 രൂപയും കൂടി ചേരുമ്പോൾ ചുരുങ്ങിയ പ്രതിമാസ ചെലവ് 140 രൂപ–അതായത് ദിവസം ഏതാണ്ട് 5 രൂപ ഒരു സാധാരണ കുടുംബം സോപ്പിനുവേണ്ടി ചെലവാക്കുന്നു. കേരളത്തിൽ 60 ലക്ഷത്തിലേറെ കുടുംബങ്ങളുണ്ട്. അപ്പോൾ മൊത്തം ചെലവെത്രയായി – 5x60= 300 ലക്ഷം രൂപ പ്രതിദിനം. ഉയർന്ന വരുമാനക്കാരും മധ്യവർഗവിഭാഗങ്ങളും ഉപയോഗിക്കുന്ന പ്രത്യേക സോപ്പുകളുടെ അധികച്ചെലവ് ഇതിന്റെ 25% എങ്കിലും വരും. ആശുപത്രികൾ, ലോഡ്ജുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലെ സോപ്പ് – സോപ്പനുബന്ധ വസ്തുക്കളുടെ ചെലവ് മറ്റൊരു 25%. അതായത് ദിവസേന 4.5 കോടി രൂപയാണ് സോപ്പിന്റെയും അനുബന്ധ ഉൽപന്നങ്ങളുടെയും വിറ്റുവരവ്. കേരളത്തിൽ പ്രതിവർഷം ഏതാണ്ട് 1650 കോടി രൂപ. കേട്ടിട്ട് വിശ്വസിക്കാൻ കഴിയുന്നില്ല. അല്ലേ. ഇത് ഒരു ഇടത്തരം കുടുംബത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു കണക്കായിരിക്കാം. വരുമാനം കുറഞ്ഞ കുടുംബങ്ങളിൽ സോപ്പുല്പന്നങ്ങളുടെ ഉപയോഗത്തിൽ സ്വാഭാവികമായും വ്യത്യാസമുണ്ടാവുമല്ലോ. ഇത്തരം കാര്യങ്ങളെല്ലാം പരിഗണിച്ചാൽ പോലും ഇത് 1000 കോടിയിൽ കുറയില്ല എന്നതാണ് വാസ്തവം. ടി.വി. പരസ്യങ്ങളിൽ സോപ്പും അലക്കുപൊടിയും ഷാംപൂവും നിറഞ്ഞുനിൽക്കുന്നതിന്റെ രഹസ്യമിതാണ്. വലിയൊരളവുവരെ ഉപഭോക്തൃ സംസ്കാരത്തിന്നടിമകളായ കേരളീയരെ ഉൽപന്നങ്ങളുടെ വൈവിധ്യവും ബ്രാന്റ് മാഹാൽമ്യവും പർവതീകരിച്ച് വശീകരിക്കുകയാണിന്നത്തെ കച്ചവട തന്ത്രം.

കേരളത്തിലെ സോപ്പു വിപണിയുടെ വലുപ്പമേ പരിഗണിച്ചുള്ളു. ഇതെവിടെയാണ് ഉൽപാദിപ്പിക്കപ്പെടുന്നത് ? ആരാണുൽപാദകർ എന്നീ വശങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്. സിംഹഭാഗവും കേരളത്തിനു വെളിയിലുള്ള ബഹുരാഷ്ട്ര കമ്പനികളിൽ നിന്നു തന്നെ. ഒരു വർഷം ആയിരം കോടിയിൽ കൂടുതൽ രൂപ സോപ്പിനും സോപ്പനുബന്ധ വസ്തുക്കൾക്കുമായി കേരളത്തിൽ നിന്ന് പുറത്തേക്കൊഴുകുന്നു. ഇത് തടയാൻ പറ്റുമോ? കുറക്കാനെങ്കിലും പറ്റുമോ? ഈ ചോദ്യങ്ങൾക്കുത്തരം കണ്ടെത്താൻ നമുക്കൊന്നു ശ്രമിക്കാം.

എന്താണ് സോപ്പ് ?

ഇതു നല്ല കഥ! സോപ്പ് എന്തെന്നറിയാത്ത ആരെങ്കിലും കേരളത്തിലുണ്ടോ? കഴുകി വൃത്തിയാക്കുന്നതിനുപയോഗിക്കുന്ന വസ്തു എന്നാണ് സോപ്പുകൊണ്ട് നാം അർത്ഥമാക്കുന്നത്. അഴുക്ക് ഇളക്കിക്കളയാൻ സഹായിക്കുന്ന വസ്തു എന്നതാവും കൂടുതൽ ശരി. കാരണം അഴുക്ക് കഴുകിക്കളയുന്നത് വെള്ളമാണ്. സോപ്പുണ്ടെങ്കിൽ കൂടുതൽ എളുപ്പത്തിലും ഭംഗിയായും അഴുക്ക്കളയാൻ കഴിയും. ഇന്നും ഇന്ത്യയിലെ ധാരാളം ഗ്രാമങ്ങളിൽ കല്ലിൽ ഇട്ട് അടിച്ചാണ് വസ്ത്രങ്ങളുടെ അഴുക്ക് കളയുന്നത്. വീട്ടിലെ ഒരവശ്യ വസ്തുവാണ് അലക്കുകല്ല്. ചിലതരം ചെടികളുടെ ഇലയും കായയും അഴുക്കുകളയാനുപയോഗിക്കുന്നുണ്ട്. തലയിൽ തേക്കാൻ താളിയും ദേഹത്തു തേക്കാൻ പയറുപൊടിയും ഇഞ്ചയും ഗ്രാമീണ കേരളത്തിൽ വിസ്തരിച്ചുള്ളൊരു കുളിക്ക് അനിവാര്യമായ ചേരുവകളായിരുന്നു. വിറകുകത്തിച്ചുകിട്ടുന്ന ചാരവും അലക്കുകാരവും ഇന്നും അലക്കുവസ്തുക്കളായി പ്രചാരത്തിലുണ്ട്.

സോപ്പ് സാധാരണ ഉപയോഗത്തിനുള്ള ഒരു വസ്തുവായിത്തീരുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തോടെയാണ്. എന്നാൽ വളരെ പണ്ടു മുതൽക്കേ തന്നെ അറിയപ്പെട്ടിരുന്ന ഒരു വസ്തുവാണ് സോപ്പ്. ബി.സി. 2500 ലെ സുമേറിയൻ ലിഖിതങ്ങളിൽ പൊട്ടാസിയം കാർബണേറ്റ് കലർന്ന ചാരവും എണ്ണയും ചേർത്തുണ്ടാക്കിയ സോപ്പിനെപറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. പൗരാണിക ഈജിപ്തിലും സോപ്പ്

അറിയപ്പെട്ടിരുന്നു. പക്ഷേ ഇതെല്ലാം വൈദ്യശാസ്ത്രത്തിന്റെ ഭാഗമായിട്ടായിരുന്നുവെന്നുമാത്രം. മധ്യകാലഘട്ടങ്ങളിൽ ഇറ്റലി, ഫ്രാൻസ് തുടങ്ങിയ ചില രാജ്യങ്ങളിൽ സോപ്പുനിർമ്മാണ വിദ്യ നിലനിന്നിരുന്നു. ഇവരുപയോഗിച്ചിരുന്ന സോപ്പുനിർമ്മാണ രീതി ഏറെബുദ്ധിമുട്ടുള്ളതായിരുന്നു. മരം കത്തിച്ചു കിട്ടുന്ന ചാരം അലിയിപ്പിച്ച് പൊട്ടാസിയം കാർബണേറ്റ് എടുക്കുക. ഇത് ചുണ്ണാമ്പുമായി ചേർത്ത് പൊട്ടാസിയം ഹൈഡ്രോക്സൈഡാക്കുക. ഈ പൊട്ടാസിയം ഹൈഡ്രോക്സൈഡ് സസ്യഎണ്ണയുമായോ മൃഗക്കൊഴുപ്പുമായോ ചേർത്ത് സോപ്പുണ്ടാക്കുക. ഈ രീതി വളരെ ദുഷ്കരമായിരുന്നു. സോഡിയം സോപ്പുണ്ടാക്കിയിരുന്നത് പൊട്ടാസിയം സോപ്പിൽ കറിയുപ്പ് ചേർത്തിട്ടായിരുന്നു. പത്തൊമ്പതാം നൂറ്റണ്ടിൽ സോഡിയം ഹൈഡ്രേക്സൈഡ് നിർമാണത്തിന് ലെബ്ലാഗ്ഗ് പ്രക്രിയ പ്രായോഗത്തിൽ വന്നതോടെ സോപ്പുനിർമാണം എളുപ്പമാകുകയും സോപ്പ് ഒരു സാധാരണ ഉപയോഗവസ്തുവായിത്തീരുകയും ചെയ്തു. (കോസ്റ്റിക് സോഡ അഥവാ സോഡിയം ഹൈഡ്രോക്സൈഡ് നിർമാണത്തിന് കൂടുതൽ മെച്ചപ്പെട്ട രീതികൾ പിന്നീട് ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്).

സസ്യഎണ്ണയോ മൃഗക്കൊഴുപ്പോ സോഡിയം ഹൈഡ്രോക്സൈഡുമായി ചേർത്താണ് സോപ്പ് നിർമിക്കുന്നത്. ഈ രാസപ്രക്രിയയ്ക്ക് സാപ്പോണിഫിക്കേഷൻ എന്നാണ് പേര്. സോപ്പിന്റെ രസതന്ത്രത്തെക്കുറിച്ച് ചില വസ്തുതകൾ സൂചിപ്പിക്കട്ടെ.

ആൽക്കഹോളും പ്രകൃതിജന്യ ആസിഡും (ഫാറ്റി അമ്ലം) ചേർന്നു കിട്ടുന്ന സംയുക്തത്തിനാണ് എസ്റ്റർ എന്നുപറയുന്നത്. എണ്ണകളും കൊഴുപ്പുകളും എസ്റ്റർ എന്ന രാസവിഭാഗത്തിൽപെടുന്നു. ഗ്ലിസറോളും ഫാറ്റിഅമ്ലങ്ങളും ചേർന്നുകിട്ടുന്ന എസ്റ്ററുകൾ എന്ന രീതിയിൽ ഇവ സോഡിയം ഹൈഡ്രോക്സൈഡുമായി പ്രവർത്തിക്കുമ്പോൾ ഫാറ്റിഅമ്ലത്തിന്റെ സോഡിയം ലവണവും ഗ്ലിസറോളും ഉണ്ടാകുന്നു.

എണ്ണകൊഴുപ്പ് + സോഡിയം ഹൈഡ്രോക്സൈഡ് = 1 സോപ്പ് + ഗ്ലിസറോൾ

ഫാറ്റിഅമ്ലങ്ങളുടെ ആൽക്കലിലോഹ ലവണത്തെയാണ് സോപ്പ് എന്നു പറയുന്നത്. സോഡിയം ലവണത്തെ സോഡിയം സോപ്പ്,

പൊട്ടാസിയം ലവണത്തെ പൊട്ടാസിയം സോപ്പ് എന്നിങ്ങനെയാണ് വിളിക്കാറ്. എന്നാൽ സാധാരണ സോപ്പ് സോഡിയം ലവണമായതിനാൽ സോഡിയം സോപ്പിനെയാണ് പൊതുവിൽ സോപ്പെന്ന വാക്കുകൊണ്ടർത്ഥമാക്കുന്നത്.

ഫാറ്റിഅമ്ലങ്ങൾ സോപ്പു നിർമാണത്തിനുപയോഗിക്കുന്ന കൊഴുപ്പ് എണ്ണ എന്നിവക്കനുസരിച്ചിരിക്കും. ഇവയിൽ പ്രധാനപ്പെട്ടത് വെളിച്ചെണ്ണയും മൃഗക്കൊഴുപ്പു (വെട്ടുനെയ്യ്)മാണ്. പാമോയിൽ, ആവണക്കെണ്ണ, സബാസു എണ്ണ, മരോട്ടി എണ്ണ തുടങ്ങിയവയും കുറേശ്ശെ ഉപയോഗിക്കപ്പെടാറുണ്ട്. പാമിറ്റിക് ആസിഡ്, സ്റ്റിയറിക് ആസിഡ്, ഒലീയിക് ആസിഡ്, ലോറിക് ആസിഡ്, മിരിസ്റ്റിക് ആസിഡ്, ലിനോലിക് ആസിഡ് തുടങ്ങിയവയാണ് എണ്ണയിലും കൊഴുപ്പുകളിലുമടങ്ങിയ പ്രധാന ഫാറ്റി അമ്ലങ്ങൾ. പലപ്പോഴും കൊഴുപ്പുകളുടെയും എണ്ണകളുടെയും മിശ്രിതങ്ങളും ഉപയോഗിക്കാറുണ്ട്. പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി സോപ്പുണ്ടാക്കുമ്പോഴാണിത്, ഉദാ: സമൃദ്ധമായ പത വേണ്ടി വരുമ്പോൾ, പത കൂടുതൽ സമയം നിൽക്കേണ്ടി വരുമ്പോൾ, കഠിന ജലത്തിലോ ഉപ്പുവെള്ളത്തിലോ ഉപയോഗിക്കേണ്ട സോപ്പാകുമ്പോഴും കൊഴുപ്പു കളുടെയും എണ്ണകളുടെയും സവിശേഷ മിശ്രിതങ്ങൾ ഉപയോഗിക്കാറുണ്ട്.

സോപ്പുനിർമാണത്തിലെ പ്രധാന അസംസ്കൃത വസ്തു വെളിച്ചെണ്ണയാണെന്നത് സോപ്പു വ്യവസായത്തെ കേരളത്തിന്റെ സമ്പദ്വ്യവസ്ഥയുമായി ബന്ധിപ്പിക്കുന്ന സുപ്രധാന ഘടകമാണ്. കേരളത്തിലെ പ്രധാന കാർഷിക വിള നാളികേരമാണല്ലോ. നാളികേരത്തിന്റെ വില വെളിച്ചെണ്ണയുമായും ബന്ധപ്പെട്ടിരിക്കുന്നതിനാൽ സോപ്പു കേരള സമ്പദ്വ്യവസ്ഥയുടെ നിലനിൽപുമായി തന്നെ ബന്ധപ്പെട്ടതാണ്.

3. സോപ്പുണ്ടാക്കുന്നതെങ്ങനെ ?

കോസ്റ്റിക്സോഡയും എണ്ണയുമാണ് സോപ്പുനിർമാണത്തിലെ പ്രധാന അസംസ്കൃത വസ്തുക്കൾ. ഇവയോടൊപ്പം ചേർക്കുന്ന മറ്റു ചില വസ്തുക്കളുമുണ്ട്. സോപ്പുനിർമ്മാണത്തിന് രണ്ടു രീതികളുണ്ട്; താപ പ്രക്രിയ (Hot Process) യും ശീത പ്രക്രിയയും (Cold Process).

വ്യാവസായികാടിസ്ഥാനത്തിൽ സോപ്പുണ്ടാക്കുവാൻ വൻകിട ഫാക്ടറികളിൽ ഉപയോഗിക്കുന്നത് തിളപ്പിച്ചുള്ള താപ പ്രക്രിയയാണ്. പ്രത്യേകതരം സോപ്പ് കെറ്റുലുകളാണ് ഇതിനുപയോഗിക്കന്നത്. 3–5 ടൺ വരുന്ന എണ്ണ (അഥവാ എണ്ണകളുടെ മിശ്രിതം) കെറ്റിലിൽ എടുത്ത് അതിലേക്ക് 15–16% സോഡിയം ഹൈഡ്രോക്സൈഡ് ലായനി വേണ്ടത്ര ചേർക്കുന്നു. സോഡിയം ഹൈഡ്രോക്സൈഡ് ലായനിയെ ലൈ (lye) എന്നാണ് പറയുന്നത്. ലൈ ഉണ്ടാക്കുന്ന വെള്ളത്തിൽ തുരുമ്പിന്റെ അംശമുണ്ടെങ്കിൽ സോപ്പിന് നിറവ്യത്യാസമുണ്ടാകും. ചേർക്കുന്ന സുഗന്ധത്തിനും വ്യത്യാസം വരാം. എണ്ണയും ലൈയും ചേർന്ന മിശ്രിതം കെറ്റിലിന്റെ അടിയിലുള്ള കുഴലുകളിലൂടെ നീരാവി കടത്തിവിട്ട് തിളപ്പിക്കുന്നു. സാപ്പോണീകരണം പൂർത്തിയായാൽ അവശിഷ്ട ലൈയിൽ (spent lye) സോപ്പ് പൊങ്ങിക്കിടക്കുന്നതു കാണാം. സോപ്പിന്റെ നല്ല പങ്ക് അവശിഷ്ട ലൈയിൽ ലയിച്ചു കിടക്കുകയായിരിക്കും. ഇത് പുറത്തെടുക്കുക പ്രധാനമാണ്. ഉപ്പ് ചേർത്ത് ഇളക്കുമ്പോൾ ലയിച്ചുചേർന്ന സോപ്പ് അവശേഷിച്ച് പുറത്തുവരുന്നു. ഉപ്പു ചേർത്ത് പുറത്താക്കൽ (salt ing out) എന്നാണ് ഈ പ്രക്രിയക്കു പറയുന്നത്. ലേയത്വം കൂടിയ ഉപ്പ് വെള്ളത്തിൽ ലയിച്ച് ലേയത്വം കുറഞ്ഞസോപ്പിനെ പുറന്തള്ളുന്നു. (അവശിഷ്ട ലൈയിൽ ഗ്ലിസറിൻ ലയിച്ചു കിടക്കും. ഇത് വേർതിരിച്ചെടുക്കുന്നത് സോപ്പ് നിർമാണത്തിലെ ഒരു പ്രധാന ഘട്ടമാണ്). ഇത്തരത്തിൽ കിട്ടുന്ന സോപ്പ് വീണ്ടും വെള്ളം ചേർത്ത് തിളപ്പിച്ച് ആൽക്കലി ബാക്കി നിൽക്കുന്നുണ്ടെങ്കിൽ അതു നീക്കം ചെയ്യുന്നു. ഇത്തരത്തിൽ കിട്ടുന്നത് ശുദ്ധമായ സോപ്പാണ്. ഇത് അതേപടി കട്ടകളാക്കി വിപണിയിൽ എത്തിക്കാറില്ല.

ഇത്തരത്തിൽ കിട്ടിയ സോപ്പിലേക്ക് അനുയോജ്യമായ ഫില്ലറുകളും, വർണവസ്തുക്കളും സുഗന്ധ വസ്തുക്കളും ആവശ്യമായ പ്രത്യേക വസ്തുക്കളും ചേർത്ത് ഉരുക്കി കട്ടകളാക്കിയ ശേഷമാണ് സോപ്പ് വിപണിയിലെത്തുന്നത്. സോഡിയം സിലിക്കേറ്റ്, ടാൽക്കം, സോഡിയം സൽഫേറ്റ്, സ്റ്റാർച്ച്, കളിമണ്ണ് തുടങ്ങിയ നിർദോഷ വസ്തുക്കളാണ് ഫില്ലറുകളായി ചേർക്കുക. സോപ്പുകട്ടയുടെ ഭാരം കൂട്ടുക എന്നതാണ് ഫില്ലറിന്റെ ധർമം. അപ്പോൾ സോപ്പുകട്ടയിൽ എത്ര സോപ്പുണ്ടാകും

എന്നായി സംശയം. ഇത് പ്രധാനമാണ്. ടി.എഫ്.എം. (Total Faty Matter) എന്ന അളവിൽ ഇത് സാധാരണയായി പ്രസ്താവിക്കാറുണ്ട്. സോപ്പിലുള്ള മൊത്തം കൊഴുപ്പു ഭാഗം എന്നർഥം. നിറം നൽകാനുള്ള വസ്തുവും സുഗന്ധം നൽകാനുള്ള വസ്തുക്കളും വിപണിയിലെ ആകർഷണീയത വർധിപ്പിക്കുന്നതിനുവേണ്ടി ചേർക്കുന്നവയാണ്.

സാപ്പോണീകരണ പ്രക്രിയ കഴിഞ്ഞു കിട്ടുന്ന ശുദ്ധസോപ്പിൽ ഏതാണ്ട് 30–35 ശതമാനം ജലം അടങ്ങിയിരിക്കും. ഇത് 5–15% വരെയാക്കി ഉണക്കിയെടുത്ത ശേഷമാണ് വിപണിയിൽ ഇറക്കുക.

സോപ്പ് നിർമാണത്തിനുപയോഗിക്കുന്ന എളുപ്പമായ മാർഗം തണുത്ത പ്രക്രിയയാണ് (Cold Process). സാധാരണ താപനിലയിൽ സാപ്പോണീകരണം നിർവഹിക്കുന്നു എന്നതുകൊണ്ടാണ് ഈ പേരുണ്ടായത്.

പ്രത്യേകതരം ഉപകരണങ്ങളും യന്ത്രസാമഗ്രികളും ആവശ്യമില്ല. സാമാന്യം പരന്ന ഒരു പാത്രം. നല്ലവണ്ണം ഇളക്കാൻ പറ്റിയ സംവിധാനം. സോപ്പിനെ കട്ടകളാക്കി മാറ്റാൻ പറ്റിയ മോൾഡ് അഥവാ ഫ്രെയിം. ഇത്രയും "യന്ത്രസാമഗ്രി"കളേ ആവശ്യമുള്ളൂ എന്നതുകൊണ്ട് വീട്ടിൽ വെച്ചുതന്നെ നടത്താവുന്ന ഒന്നാണ് തണുത്ത പ്രക്രിയ. സാന്ദ്രത കൂടിയ സോഡിയം ഹൈഡ്രോക്സൈഡ് ലായനി (ലൈ) ആണ് ഉപയോഗിക്കുക. (ഏതാണ്ട് 25% സാന്ദ്രതയുള്ള ലായനി). സോഡിയം ഹൈഡ്രോക്സൈഡ് ലയിപ്പിക്കുന്നത് നല്ല വെള്ളത്തിലായിരിക്കണം. വെള്ളത്തിൽ ഏതെങ്കിലും ലോഹ അയോണുകൾ പ്രത്യേകിച്ചും ഇരുമ്പ് ലയിച്ചുചേർന്നി ട്ടുണ്ടെങ്കിൽ സോപ്പിന് പ്രതീക്ഷിച്ച നിറവും മണവും ഉണ്ടായിക്കൊള്ളണമെന്നില്ല.

വെളിച്ചെണ്ണയെ സോപ്പോണീകരിക്കുന്നതിനാവശ്യമായത്ര കോസ്റ്റിക് സോഡ കൃത്യമായി കണക്കാക്കിയെടുക്കേണ്ടതുണ്ട്. ആൽക്കലി അധികമാകുന്ന പക്ഷം നിർവീര്യമാക്കാൻ ഈ പ്രക്രിയയിൽ സംവിധാനമില്ലാത്തതുകൊണ്ട് ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സോപ്പുനിർമാണത്തിനുള്ള പാത്രത്തിൽ വെളിച്ചെണ്ണ എടുത്ത് കോസ്റ്റിക് സോഡ ലായനി കുറേശ്ശെ ഒഴിച്ച് നല്ലവണ്ണം ഇളക്കിക്കൊണ്ടിരിക്കുക. രാസപ്രവർത്തനം മൂലം താപനില വർധിക്കുന്നതുകൊണ്ട് സോപ്പീകരണം

എളുപ്പം നടക്കുന്നു. സോഡിയം സിലിക്കേറ്റ്, ടാൽക്, കയോലിൻ എന്നിവയിലേതെങ്കിലും ആവശ്യത്തിന് ഫില്ലറായുപയോഗിക്കുന്നു. സുഗന്ധ വസ്തുവും നിറംനൽകാനുള്ള പദാർഥവും ഫില്ലറും സോപ്പീകരണം നടത്തുന്ന സമയത്തുതന്നെ ചേർക്കേണ്ടതുണ്ട്. ആൽക്കലി ലായനി (ലൈ) മുഴുവനും ചേർത്ത് ഇളക്കിയശേഷം മിശ്രിതം ഫ്രേമുകളിൽ ഒഴിച്ചുവെക്കുന്നു. സോപ്പീകരണം പൂർത്തിയായിരിക്കുമെങ്കിലും സോപ്പ് പാകപ്പെടാൻ ഏതാനും ദിവസങ്ങൾ – ഒരാഴ്ചയെങ്കിലും എടുക്കും. ഈ സമയം കൊണ്ട് അധികമുള്ള ജലാംശം നഷ്ടപ്പെട്ട് സോപ്പ് ഉണങ്ങിയിട്ടുണ്ടാകും. ഈ പ്രക്രിയയിൽ ഗ്ലിസറിൻ വേർതിരിച്ചെടുക്കുന്നില്ല. വളരെ ചെറിയതോതിൽ ഒരു സാധാരണവീട്ടമ്മക്ക് സ്വന്തം വീട്ടിൽ നടത്താൻ കഴിയുന്നതാണ് ഈ സോപ്പുനിർമാണ പ്രക്രിയ. ചേർക്കുന്ന ഫില്ലറുകളുടെയും സുഗന്ധവസ്തുക്കളുടെയും അളവിലും സ്വഭാവത്തിലും അനുയോജ്യമായ മാറ്റം വരുത്തി അലക്കു സോപ്പുനിർമാണത്തിനും ടോയ്ലെറ്റ് സോപ്പുനിർമാണത്തിനും ഈ പ്രക്രിയ ഉപയോഗപ്പെടുത്താവുന്നതാണ്.

സോപ്പുനിർമാണ സാങ്കേതിക വിദ്യയിലെ വളർച്ചയിലൊന്നാണ് കൃത്രിമമായി വേർതിരിച്ചെടുത്ത ഫാറ്റി അമ്ലങ്ങളിൽ നിന്ന് നേരിട്ട് സോപ്പുണ്ടാക്കൽ. ഇതിന് സോഡിയം ഹൈഡ്രോക്സൈഡ് ആവശ്യമില്ല; സോഡിയം കാർബണേറ്റ് (അലക്കുകാരം) മതി– സോഡിയം കാർബണേറ്റിന്റെ ഒരു പൂരിത ലായനി തിളപ്പിച്ച് അതിലേക്ക് ഫാറ്റി ആസിഡ് കുറേശ്ശെയായി ചേർക്കുക. കാർബൺ ഡൈ ഓക്സൈഡ് വാതകം പുറത്ത് പോകാൻ സൗകര്യം ഉണ്ടാക്കിക്കൊണ്ട് കുറേശ്ശെ വേണം ഇതു ചെയ്യാൻ. സോപ്പീകരണം പൂർത്തിയായ ശേഷം കൊഴുപ്പംശം ബാക്കിയുണ്ടെങ്കിൽ അതു നീക്കം ചെയ്യാൻ അൽപം സോഡിയം ഹൈഡ്രോക്സൈഡ് ചേർക്കും. സവിശേഷ തരം സോപ്പുകൾ നിർമിക്കുന്നതിന് ഈ പ്രക്രിയ വളരെ പ്രയോജനപ്രദമാണ്.

എന്നാൽ കേരളത്തിലെ നാളികേര കൃഷിയുടെയും സാമ്പത്തിക വ്യവസ്ഥയുടെയും നട്ടെല്ലൊടിക്കാൻ ഈ പ്രക്രിയ കാരണമായിട്ടുണ്ട്. ആഭ്യന്തര വിപണിയിൽ വെളിച്ചെണ്ണയുടെ വിലയിടിവ് തടയുന്നതിനുവേണ്ടി

വെളിച്ചെണ്ണ ഇറക്കുമതിക്ക് നിയന്ത്രണങ്ങളേർപ്പെടുത്തിയിരുന്നപ്പോഴും കുത്തക സോപ്പു നിർമാതാക്കൾ കൃത്രിമ ഫാറ്റി അമ്ലങ്ങൾ ഇറക്കുമതി ചെയ്ത് സോപ്പു നിർമ്മാണം നടത്താൻ സഹായകമായത് ഈ പ്രക്രിയയാണ്.

സോപ്പുകളും ഡിറ്റർജന്റുകളും

ഡിറ്റർജന്റ് എന്നത് സോപ്പുൾപ്പെടെ അഴുക്കുകളയുന്നതിനു പയോഗിക്കുന്ന വസ്തുക്കളെ സൂചിപ്പിക്കുന്ന പദമാണ്. സോപ്പുകളെ "സോപ്പി ഡിറ്റർജന്റുകൾ"എന്നാണ് പറയുക. സോപ്പു ചേരാത്ത ഡിറ്റർജന്റുകളെയാണ് – സിന്തറ്റിക് ഡിറ്റർജന്റുകൾ – സാധാരണയായി ഡിറ്റർജന്റുകൾ എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്.

പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി രൂപപ്പെടുത്തിയെടുത്ത നിരവധി തരം സോപ്പുകൾ ഇന്ന് വിപണിയിൽ ലഭ്യമാണ്. ഇവയിൽ ചില ഇനങ്ങളെയെങ്കിലും ഒന്നു പരിചയപ്പെടുന്നതു നന്നായിരിക്കും.

അലക്കുസോപ്പ് : സാധാരണ സോഡിയം സോപ്പ്, അലക്കുകാരം, സോഡിയം സിലിക്കേറ്റ്, കയോലിൻ തുടങ്ങിയ ഫില്ലറുകളിൽ ഏതെങ്കിലും ഒന്നും ആവശ്യമെങ്കിൽ വർണവസ്തുവും ചേർത്ത് ബാറുകളായോ കട്ടകളായോ വിപണിയിൽ എത്തുന്നു. കഠിനജലത്തിലും ഉപ്പുകലർന്ന വെള്ളത്തിലും ഇവ ഉപയോഗിക്കുന്നതിനു പരിമിതികളുണ്ട്. കഠിനജലത്തിൽ ഉള്ള കാൽസിയം അഥവാ മഗ്നീഷ്യം അയോണുകൾ സോപ്പുമായി ചേർന്ന് ലയിക്കാത്ത കാൽസിയം / മഗ്നീഷ്യം സോപ്പുകൾ അവക്ഷേപിക്കുന്നു. ഇത്തരത്തിൽ അവക്ഷേപിക്കുന്ന കാൽസിയം സോപ്പ് അസൗകര്യമുണ്ടാക്കുന്നതാണ്. ഇവ അവക്ഷേപിക്കപ്പെടുന്നത് തടയാൻ ചില ഫോസ്ഫേറ്റുകൾ അലക്കുസോപ്പിലും സോപ്പുപൊടികളിലും ചേർക്കാൻ തുടങ്ങി. (ഇത്തരം ഫോസ്ഫേറ്റുകൾ പരിസര പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന് ഇന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.) ഇത്തരത്തിൽ ചേർക്കുന്ന പദാർത്ഥങ്ങളെ ലൈംസോപ്പ് ഡിസ്പെർസെന്റുകൾ (LSD) എന്ന് പറയുന്നു. സോപ്പ് –എൽ.എസ്.ഡി. കൂട്ടുകൾ കഠിനജലത്തിന് അനുയോജ്യമെന്ന നിലയിൽ വിപണിയിൽ എത്തി. ഇവയാണ് ആദ്യത്തെ സോപ്പ് – ഡിറ്റർജന്റ് കൂട്ട്.

ഡിറ്റർജന്റ് : ടോയ്‌ലറ്റ് സോപ്പൊഴികെയുള്ള ഒട്ടുമിക്ക സോപ്പുചേരുവകളിലും മുഖ്യസ്ഥാനം ഇന്ന് സിന്തറ്റിക് ഡിറ്റർജന്റുകൾക്കാണ്. രാസപരമായി സോപ്പിനോട് വളരെ അടുപ്പമുള്ള ആൽക്കൈൽ സൽഫോണേറ്റുകളാണിവയിലെ പ്രധാന ഘടകം. ഫാറ്റി അമ്ലത്തിന്റെ സോഡിയം ലവണമാണ് സോപ്പെന്ന് നാം നേരത്തെ മനസ്സിലാക്കിയതാണല്ലൊ. ഇതിലെ അമ്ലഭാഗം കാർബോക്സിലിക് അമ്ലമാണ്. R-COOH, R ഒരു നീണ്ട കാർബൺ ചങ്ങലയാണ്. 15-18 കാർബണുകൾ അടങ്ങിയത്. ഇതിന്റെ സോഡിയം ലവണത്തെ

$R\text{-}COO^{-}Na^{+}$ എന്ന് എഴുതാം.

സൽഫോണിക് അമ്ലമാകുമ്പോൾ അതിന്റെ രാസസൂത്രം $R\text{-}SO_3H$ എന്നും സോഡിയം ലവണത്തിന്റേത് $R\text{-}SO_3^{-}Na^{+}$ എന്നു് ആകും. ഇവയിലെ കാർബൺ ചങ്ങലക്ക് എണ്ണയോ കൊഴുപ്പുമായോ ഒരു ബന്ധവുമില്ല. കൃത്രിമമായി നിർമിക്കപ്പെടുന്നവയാണ്. കാർബൺ ചങ്ങല നേർ ചങ്ങലയോ ശാഖിതമോ ആകാം. ധാരാളം പത, കൂടുതൽ അഴുക്കു കളയൽ ശേഷി, കഠിനജലത്തിലും ഉപയോഗിക്കാൻ കഴിയും എന്നിങ്ങനെ ഉപഭോക്താവിന് കൂടുതൽ തൃപ്തി നൽകാൻ ഇവക്ക് കഴിയും. അതിനാൽ അലക്കുസോപ്പ്, പാത്രം കഴുകാനുള്ള സോപ്പ്, ഷാംപൂ എന്നിങ്ങനെ ഒട്ടുമിക്ക സോപ്പ് ചേരുവകളിലും, എന്തിന് നമ്മുടെ മാർക്കറ്റിൽ ഇന്നു ലഭ്യമായ "താളിപ്പൊടി"യിൽപോലും ഡിറ്റർജന്റുകൾ സ്ഥാനം പിടിച്ചിരിക്കുന്നു. ശാഖിതമായ കാർബൺ ചങ്ങലയുള്ള സൽഫൊണേറ്റുകൾ ജലമലിനീകരണത്തിനിടയാക്കുമെന്ന് കണ്ടതിനെ തുടർന്ന് ഇവ മിക്കവാറും പിൻവലിക്കപ്പെട്ടിട്ടുണ്ട്. ഡിറ്റർജന്റ് പൗഡറുകളിലെ സുപ്രധാന ഘടകമായ ആസിഡ് സ്ലറി ABS എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ആൽക്കിൻ ബെൻസീൻ സൽഫൊണേറ്റാണ്.

ടോയ്‌ലറ്റ് സോപ്പ്: കുളിക്കാനുപയോഗിക്കുന്ന സോപ്പ്. ഇന്നും കൃത്രിമ ഡിറ്റർജന്റുകൾക്ക് കടന്നുകയറാൻ കഴിയാത്ത മേഖലയാണ് ടോയ്‌ലറ്റ് സോപ്പുമേഖല. സസ്യഎണ്ണകളോ, സസ്യഎണ്ണയും കൊഴുപ്പുംചേർന്ന മിശ്രിതമോ ഉപയോഗിച്ചാണിവ നിർമിക്കുന്നത്. എത്രയെത്ര ബ്രാന്റുകളാണ്

വിപണിയിൽ! സിനിമാതാരങ്ങളുടെ സോപ്പ്, പ്രായക്കുറവുണ്ടാക്കുന്ന സോപ്പ്, ഉന്മേഷം തരുന്ന സോപ്പ് എന്നിങ്ങനെ! രസതന്ത്രപരമായിനോക്കിയാൽ ഇവയുടെ മേന്മ അതിലെ കൊഴുപ്പംശത്തിന്റെ അളവാണ് (TFM). ടി.എഫ്.എം. 75 ശതമാനത്തിലധികമുള്ള സോപ്പുകളെയാണ് ഇന്ത്യയിൽ ടോയ്‌ലറ്റ് സോപ്പുകളായംഗീകരിച്ചിരിക്കുന്നത്. അപ്പോൾ ടോയ്‌ലറ്റ് സോപ്പുകൾ തമ്മിലുള്ള വ്യത്യാസമോ? അവയിൽ ചേർത്തിട്ടുള്ള നിറത്തിന്റെയും സുഗന്ധത്തിന്റെയും വ്യത്യാസം മാത്രം. (ചിലപ്പോൾ എണ്ണകളുടെ ചേരുവയിലും നേരിയ മാറ്റം വന്നെന്നുവരാം)

എന്നാൽ ഇന്ന് വിപണിയിൽ കിട്ടുന്ന ധാരാളം കുളിസോപ്പുകൾ ഇക്കൂട്ടത്തിൽ പെടുന്നവയല്ല. ടോയ്‌ലറ്റ് സോപ്പിനാവശ്യമായത്ര കൊഴുപ്പംശം ഇല്ലാത്ത സോപ്പുകളാണ് ബാത്തിഗ് ബാർ എന്ന പേരിൽ അറിയപ്പെടുന്നവ. ഇവയ്ക്ക് അലക്കു സോപ്പിനേക്കാൾ ടി.എഫ്.എം. കൂടുതലായിരിക്കും. കുറഞ്ഞ വിലയ്ക്ക് കുളിസോപ്പുകൾ ലഭ്യമാക്കുന്നതിനു വേണ്ടിയാണ് കൊഴുപ്പംശം കുറഞ്ഞ ഇത്തരം സോപ്പുകൾ നിർമിക്കാൻ സർക്കാർ അനുവദിച്ചത്. പക്ഷേ വിപണിയുടെ കച്ചവടതന്ത്രങ്ങളും പരസ്യങ്ങളുടെ ബഹളവും മൂലം ടോയ്‌ലറ്റ് സോപ്പും ബാത്ത് സോപ്പും തമ്മിൽ തിരിച്ചറിയാൻ ഉപഭോക്താക്കൾക്കു കഴിയാതെ പോകുന്നു. വാസ്തവത്തിൽ സോപ്പുനിർമാതവ് ആഗ്രഹിക്കുന്നതും ഇതുതന്നെയാണ്.

സാധാരണ സോപ്പിന്റെ ക്ഷാരസ്വഭാവം മൂലം പലപ്പോഴും ചർമത്തിൽ നിന്ന് അത് കൊഴുപ്പിനെ നീക്കിയെന്നു വരും. ഇതിന്റെ ഫലമായി തൊലി വരണ്ടതായി തോന്നുകയും ചെയ്യും. വരണ്ടചർമമുള്ളവർക്കാണ് ഇത് കൂടുതൽ അനുഭവപ്പെടുക. ഇതൊഴിവാക്കാനാണ് കൊഴുപ്പധികമുള്ള (Super Fatted Soap) സോപ്പുകൾ വിപണിയിലിറങ്ങിയത്. 5–10ശതമാനം കൊഴുപ്പ് (ഫാറ്റി അമ്ലം) സോപ്പിൽ സ്വതന്ത്രമാക്കി നിർത്തുകയാണ് ഇതിനുവേണ്ടത്. തണുത്ത പ്രക്രിയയിൽ കോസ്റ്റിക് സോഡയുടെയും എണ്ണയുടെയും അളവ് നിയന്ത്രിച്ച് സോപ്പിന്റെ സ്വാഭാവത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ കഴിയും. വരണ്ടചർമമുള്ളവർക്കും സാധാരണ ചർമമുള്ളവർക്കും പ്രത്യേകം പ്രത്യേകം സോപ്പുകൾ വിപണിയിലിറക്കിയ ഉൽപാദകരുണ്ട്.

അണുനാശക സോപ്പുകൾ പ്രത്യേകപരമാർശമർഹിക്കുന്ന കുളിസോപ്പുകളാണ്. ഫീനോൾ ചേർന്ന കാർബോളിക് സോപ്പുകളാണ് ഇക്കൂട്ടത്തിൽ ആദ്യത്തേത്. ഇവ സോപ്പിന് ഒരു പ്രത്യേക ഗന്ധം നൽകുന്നു. ഇത്തരം സോപ്പുകളെ സ്വീകാര്യമാക്കുന്നതിനുവേണ്ടിയാണ് വിയർപ്പുനാറ്റം ഒരു പരസ്യവിഷയമായത്. അണുനാശകസോപ്പുകളും വിയർപ്പുനാറ്റം ഇല്ലാതാക്കുന്ന സോപ്പുകളും ബാക്റ്റീരിയങ്ങളെ നശിപ്പിക്കുന്ന രാസവസ്തുക്കൾ അടങ്ങിയവയാണ്. ചർമത്തിനു കേടുവരുത്താത്തതും മിക്ക ബാക്റ്റീരിയങ്ങളെയും നശിപ്പിക്കുന്നതുമായ രാസവസ്തുക്കളാണ് അണുനാശകസോപ്പുകളിൽ ചേർക്കുന്നത്.

കുളിസോപ്പുകളുടെ കൂട്ടത്തിൽ സവിശേഷസ്ഥാനം ഉള്ളവയാണ് സുതാര്യ സോപ്പുകൾ. ഇക്കൂട്ടത്തിൽ പഴയതും ഏറെ അറിയപ്പെടുന്നവയുമാണ് ഗ്ലിസറിൻ സോപ്പുകൾ. തണുത്ത പ്രക്രിയ ഉപയോഗിച്ച് (അഥവാ പകുതി തിളപ്പിച്ച രീതി – Semi boiled) ആണ് സുതാര്യസോപ്പുകൾ ഉണ്ടാക്കുന്നത്. ഇതിനുപയോഗിക്കുന്ന അസംസ്കൃതവസ്തുക്കൾ ശുദ്ധമായിരിക്കണം. സോപ്പിന് തീരെ നിറമുണ്ടാകരുത്. എണ്ണയുടെ പ്രത്യേക കൂട്ടാണ് ഉപയോഗിക്കുക. മറ്റുതരം സോപ്പുകളേക്കൾ വിലകൂടുതലാണ് ഇത്തരം സോപ്പുകൾക്ക്.

കാസ്റ്റൈൽ സോപ്പ് അഥവാ ബേബി സോപ്പ് ഒലീവ് എണ്ണയോ അതിനു സമാനമായ എണ്ണക്കൂട്ടോ ഉപയോഗിച്ചാണുണ്ടാക്കുന്നത്. ഇളം ചർമ്മത്തിന് കേടുവരുത്താത്തത് എന്ന പരസ്യ മുദ്രാവാക്യത്തോടെയാണ് ബേബി സോപ്പുകൾ വിപണിയിലെത്തുന്നത്.

ദ്രവ സോപ്പുകൾ (Liquid Soaps) പൊതു കുളിസ്ഥലങ്ങളിൽ ഉപയോഗിക്കുന്നവയാണ്. വെളിച്ചെണ്ണയും പൊട്ടാസിയം ഹൈഡ്രേക്സൈഡും ചേർത്തുണ്ടാക്കുന്ന സോപ്പിന്റെ ജലലായിനിയിൽ പരുത്തിക്കുരു എണ്ണയോ, സോയബീൻ എണ്ണയോ ചേർത്തതാണ് ദ്രവ സോപ്പ്.

സൗന്ദര്യവർധകങ്ങളിൽ ഉപയോഗിക്കുന്ന സോപ്പു തരങ്ങൾ തന്നെ ഇന്ന് നിരവധിയാണ്. പൊട്ടാസിയം ഹൈഡ്രോക്സൈഡുപയോഗിച്ച് ഉണ്ടാക്കുന്ന സോപ്പുകൾ ഷേവിങ്ങ് സോപ്പ്, ഫേസ് ക്രീമുകൾ, വിവിധതരം

ലോഷനുകൾ എന്നിവയിൽ ഉപയോഗിക്കപ്പെടുന്നു. ഷാംപുവിലും, മുടിചായങ്ങളിലും ഒലിയേറ്റ് സോപ്പുകളാണ് മിക്കവാറും ഉപയോഗിക്കുന്നത്.

ഇനിയും എത്രയോ പ്രത്യേകതരം സോപ്പുകൾ ഇന്ന് ലഭ്യമാണ് ദിവസേനയെന്നോണം പുതിയവ ഇക്കൂട്ടത്തിൽ ചേരുകയും ചെയ്യുന്നു.

സോപ്പ് അഴുക്കുകളയുന്നതെങ്ങിനെ?

സോപ്പ് അഴുക്കുകളയുന്നതെങ്ങിനെയെന്നു മനസ്സിലാക്കിയാലെ നൂറായിരം തരം ബ്രാന്റുകൾ തമ്മിൽ കാര്യമായ വ്യത്യാസം ഒന്നുമില്ലെന്ന തിരിച്ചറിവുണ്ടാകൂ. വാസ്തവത്തിൽ അഴുക്കുകളയുന്നത് സോപ്പോ ഡിറ്റർജന്റേ അല്ല വെള്ളമാണ്. സോപ്പും ഡിറ്റർജന്റും അഴുക്കുനീക്കുന്ന പ്രക്രിയയിൽ ജലത്തെ സഹായിക്കുന്നവയാണ്. സാധാരണയായി അഴുക്കിനെ നനക്കാൻ വെള്ളത്തിനു കഴിയില്ല. ജലത്തിന്റെ കൂടിയ പ്രതലബലമാണ് ഇതിനുകാരണം സോപ്പിന്റെ പ്രധാന ധർമം പ്രതലബലം (Surface tension). കുറവുചെയുക എന്നതാണ്. എഴുപതു ശതമാനം വരെ പ്രതലബലം കുറയ്ക്കാൻ സോപ്പിനു കഴിയും.

സോപ്പു തന്മാത്രയുടെ ഘടനയും അഴുക്കിളക്കാനുള്ള കഴിവും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നത് രസകരമായിരിക്കും. 15–18 കാർബൺ അണുക്കളുള്ള ഒരു നീണ്ട ചങ്ങലയുടെ ഒരറ്റത്താണ് സോപ്പുതന്മാത്രയുടെ അമ്ലഗ്രൂപ്പ്.

$$R(\wedge\wedge)_n\,CO\bar{O}\,\overset{+}{Na} \qquad n = 15\text{–}18$$

ഈ അറ്റം അയോണിക് ആണ്. അതുകൊണ്ട് അത് വെള്ളത്തിൽ ലയിക്കുകയും ചെയ്യും. മറ്റേ അറ്റമാണെങ്കിൽ ജലത്തിൽ ലയിക്കാത്ത ഹൈഡ്രോകാർബൺ ആണ്. പക്ഷേ അത് എണ്ണയിൽ (ഗ്രീസിൽ) ലയിക്കും. ഒരറ്റം ഗ്രീസിൽ ലയിച്ചും മറ്റേ അറ്റം വെള്ളത്തിൽ ലയിച്ചും നിൽക്കുന്ന സോപ്പു തന്മാത്രയെ ഒന്നു സങ്കൽപിക്കൂ. തുണിയിലും ചർമത്തിലും അഴുക്ക് ഒട്ടിപ്പിടിച്ചിരിക്കാൻ കാരണം അഴുക്ക് എണ്ണയും ഗ്രീസുമായി ചേർന്നിരിക്കുന്നതുകൊണ്ടാണ്. വെള്ളവും ഗ്രീസും തമ്മിൽ കലരാത്തതുകൊണ്ട് ഇത്തരം അഴുക്കിനെ നനക്കാൻ വെള്ളത്തിനു കഴിയില്ല. തല വെള്ളത്തിലും വാല് ഗ്രീസിലുമായി നിൽക്കുന്ന സോപ്പു

തന്മാത്ര ഗ്രീസിനെ തുണിയിൽ നിന്ന് (ചർമത്തിൽ നിന്ന്) വലിച്ചിറക്കി വെള്ളത്തിൽ പടർത്തുന്നു. വെള്ളവും എണ്ണത്തുള്ളികളും കൂടി ഒരു എമൽഷൻ രൂപപ്പെടുന്നു. ഗ്രീസെന്ന രക്ഷാകവചം നഷ്ടപ്പെട്ടതോടെ അഴുക്കിനെ കഴുകിക്കളയാൻ വെള്ളത്തിന് എളുപ്പമാകുന്നു. ഈ പ്രക്രിയയിൽ പതക്കും പതയലിനും പങ്കൊന്നുമില്ലെന്നു കണ്ടില്ലേ? പ്രതലബലം കുറയുന്നതുകൊണ്ട് വെള്ളത്തിന്റെ നനക്കൽ കഴിവ് വർധിക്കുന്നു. വെള്ളം തുണിയിലേക്ക് കടന്നു കയറി അഴുക്കിനെ ചെറിയ ഘടകങ്ങളായി വിഘടിപ്പിച്ച് പുറത്താക്കുന്നു. കൈകൊണ്ടു തിരുമുകയും കല്ലിൽ അടിക്കുകയും മറ്റും ചെയ്യുമ്പോൾ ഈ പ്രവർത്തനത്തിന്റെ വേഗത വർദ്ധിക്കുന്നു. കൈകൊണ്ടു തിരുമുന്നതിനു പകരം വാഷിങ്ങ് മെഷീനിലിട്ട് കറക്കിയാലും ഫലം അതുതന്നെ.

സോപ്പിന്റെ പത ഉപഭോക്താവിന്റെ മനസ്സ് നിറക്കാനാണ്. അതിന്റെ നിറവും ഗന്ധവും മാർക്കറ്റ് മൂല്യം വർദ്ധിപ്പിക്കാനും.

കൃത്രിമഡിറ്റർജന്റിന്റെ പ്രവർത്തനവും ഇതുപോലെ തന്നെയാണ്. കാർബോക്സിലിൽ അമ്ലത്തിനു പകരം സെൽഫോണിൽ അമ്ലമാണെന്നു മാത്രം.

അമ്ലഭാഗം വെള്ളത്തിലും ഹൈഡ്രോ കാർബൺ ഭാഗം ഗ്രീസിലും ലയിച്ച് അഴുക്കിനെ ഇളക്കിക്കളയുന്നു.

ബ്രാന്റുനാമങ്ങൾക്കും പരസ്യവാചകങ്ങൾക്കും അഴുക്കിനെ ഇളക്കിക്കളയുന്നിടത്ത് ഒരു പ്രസക്തിയുമില്ല എന്നു കണ്ടില്ലേ? വിദേശനിർമിത സോപ്പിന്റെയും വീട്ടിലുണ്ടാക്കിയ സോപ്പിന്റെയും ഗുണമേന്മ ഫലത്തിൽ ഒന്നുതന്നെ.

ഇന്ത്യൻ സോപ്പ് വ്യവസായം

ഇന്ത്യയിലെ ഒന്നാമത്തെ സോപ്പു കമ്പനി ഉത്തർപ്രദേശിലെ മീററ്റിൽ ആണ് സ്ഥാപിതമായത്, 1897-ൽ. സ്വദേശി പ്രസ്ഥാനം തദ്ദേശീയ സോപ്പുവ്യവസായത്തിന്റെ വളർച്ചയ്ക്കു സഹായകമായി. നിരവധി ചെറുകിട

യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടു. 1930–ൽ ആണ് വൻകിട സോപ്പു നിർമാണ യൂണിറ്റ് സ്ഥാപിതമായത്. ഇതോടെ സോപ്പുൽപാദന രംഗത്ത് കുതിച്ചുചാട്ടംതന്നെയുണ്ടായി. 1920–21–കാലത്ത 2 കോടി രൂപയ്ക്കുള്ള സോപ്പിന്റെ ഇറക്കുമതി നടന്നിരുന്നു. അത് 1940–41 ആയപ്പോഴേക്ക് 18 ലക്ഷം രൂപയ്ക്കുള്ളതായി കുറഞ്ഞു. 1955 മുതൽക്ക് സോപ്പ് ഇറക്കുമതി പൂർണമായും നിരോധിക്കപ്പെട്ടു. ആഭ്യന്തര ഉപഭോഗം നിറവേറ്റിക്കഴിഞ്ഞ് സോപ്പ് കയറ്റി അയക്കാനും ഇന്ത്യൻ സോപ്പു വ്യവസായത്തിനു കഴിഞ്ഞു.

ഇന്ത്യൻ സോപ്പു വ്യവസായത്തിൽ സംഘടിത മേഖലയും അസംഘടിതമേഖലയും ഉണ്ട്. സംഘടിത മേഖല വൻകിട ഫാക്ടറികളിലൂടെ 5 ലക്ഷം ടണ്ണിലേറെ സോപ്പാണ് പ്രതിവർഷം ഉൽപാദിപ്പിക്കുന്നത്.

അസംഘടിത മേഖലയിൽ ചെറുകിട യൂണിറ്റുകൾ, കുടിൽ വ്യവസായങ്ങൾ എന്നിവ പെടുന്നു. 1967–ൽ അലക്കുസോപ്പിന്റെ ഉൽപാദനത്തിന് ചെറുകിട മേഖലയിൽ മാത്രമേ പുതിയ യൂണിറ്റുകൾ അനുവദിക്കു എന്ന് തീരുമാനിച്ചു. തദ്ദേശീയ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു അന്നത്തെ നയം. ഭക്ഷ്യേതര എണ്ണകൾ ശേഖരിക്കുന്നതിലും സോപ്പ് നിർമാണയൂണിറ്റുകൾ സജ്ജമാക്കുന്നതിലും ഖാദി ഗ്രാമവ്യവസായ കമ്മീഷൻ സഹായിച്ചു. 1972–ൽ അയ്യായിരത്തോളം യൂണിറ്റുകളിലായി അഞ്ചര ലക്ഷം ടൺ സോപ്പായിരുന്നു ഈ മേഖലയുടെ ഉൽപാദനം. അലക്കു സോപ്പും ടോയ്‌ലറ്റ് സോപ്പുമായി 12 ലക്ഷം കി. ഗ്രാം സോപ്പാണ് ഇന്ത്യ 1971–72 ൽ കയറ്റുമതി ചെയ്തത്.

അറുപതുകളുടെ അവസാനത്തോടെയാണ് കൃത്രിമ ഡിറ്റർജന്റുകൾ ഇന്ത്യയിലെത്തിയത്. വൻകിട സോപ്പുനിർമാതക്കളായ ഹിന്ദുസ്ഥാൻ ലിവർ, ടാറ്റ തുടങ്ങിയവരാണ് ഈ രംഗത്തും ആധിപത്യം നേടിയത്. ഇന്ത്യയിൽ നിലവിലിരുന്ന നിയമങ്ങൾ സംഘടിത മേഖലയ്ക്ക് അലക്കു സോപ്പു മേഖലയിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. എന്നാൽ ഡിറ്റർജന്റുകളുടെ വരവോടെ ഈ രംഗത്തേയ്ക്ക് കടന്നുകയറാൻ സംഘടിത മേഖലക്കു കഴിഞ്ഞു. തദ്ദേശീയമായ അസംഘടിത മേഖലയുടെ തകർച്ചയ്ക്കാണ് ഇത് വഴിയൊരുക്കിയത്.

ഇന്ത്യയിലെ വരേണ്യസമ്പന്ന വിഭാഗങ്ങൾ വികസിത മുതലാളിത്ത സമൂഹങ്ങളെപ്പോലെ ഡിറ്റർജന്റുകളിലേക്കു മാറി. ശക്തമായ പ്രചരണത്തിന്റെ പ്രേരണ മൂലം സാധാരണക്കാരും ആ വഴിക്കുതന്നെ സഞ്ചരിച്ചു. തുണി കഴുകുന്നതിനും ടോയ്‌ലറ്റ് സോപ്പുകൾ ഉപയോഗിക്കുക എന്ന ധൂർത്തിലേക്കും സമ്പന്നവിഭാഗങ്ങൾ തിരിയുകയുണ്ടായി. അസംഘടിത തദ്ദേശീയ സോപ്പുനിർമാണ മേഖലയുടെ തകർച്ച പൂർണമാക്കാനാണ് ഇതെല്ലാം സഹായിച്ചത്.

ഇന്ത്യയിലെ സംഘടിത സോപ്പുവ്യവസായമേഖലയിൽ ഒന്നാം സ്ഥാനത്ത് നില്ക്കുന്നത് ഹിന്ദുസ്ഥാൻ ലിവർ എന്ന രാജ്യാന്തര കുത്തക കമ്പനിയാണ്. ഇംഗ്ലണ്ടിലെ ആസ്ഥാനമുള്ള യൂണിലിവർ എന്ന കമ്പനിയുടെ ഇന്ത്യൻസബ്സിഡിറിയാണ് ഹിന്ദുസ്ഥാൻ ലിവർ. പ്രോക്ടർ ആന്റ് ഗാംബിൾ, ടാറ്റ, ഗോദ്റെജ് എന്നിങ്ങനെ വിദേശിയും സ്വദേശിയുമായ വൻകിട കമ്പനികളുമായിരുന്നു മറ്റു മുൻ നിരക്കാർ. ശക്തമായ പരസ്യ മാനേജ്മെന്റ് തന്ത്രങ്ങൾ വഴി സോപ്പുവ്യവസായവും ഡിറ്റർജന്റ് വ്യവസായവും തങ്ങളുടെ വരുതിയിലാക്കാൻ ഈ കുത്തകകൾക്കു കഴിഞ്ഞു. 1990 മുതൽക്ക് ഗവർമെന്റിന്റെ നയങ്ങൾ സ്വകാര്യമൂലധനത്തിനു പ്രാധാന്യം നൽകുന്നതായിരുന്നു. കാര്യക്ഷമത കുറഞ്ഞമാനേജ്മെന്റിനോടൊപ്പം പരസ്യങ്ങളുടെ അഭാവവും കൂടിയായപ്പോൾ ചെറുകിട മേഖല തകർന്നുപോവുക തന്നെ ചെയ്തു.

ഇന്ത്യൻ സോപ്പു വ്യവസായവും കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയും തമ്മിലുള്ള ബന്ധം പഠിക്കുന്നത് രസാവഹമായിരിക്കും. 500കോടിയിലേറെ നാളികേരമാണ് കേരളത്തിലെ വാർഷിക ഉൽപാദനം. ഇതിന്റെ പത്തു ശതമാനം മാത്രമേ ഭക്ഷ്യ ആവശ്യങ്ങൾക്കുപയോഗിക്കുന്നുള്ളൂ. ബാക്കി വെളിച്ചെണ്ണയാക്കി ബോംബെ വിപണിയിൽ എത്തിക്കുകയാണ് മിക്കവാറും ചെയ്തിരുന്നത്. ഇവിടെയായിരുന്നു സോപ്പു വ്യവസായത്തിന്റെ ആസ്ഥാനം. വെളിച്ചെണ്ണയും മൃഗക്കൊഴുപ്പും സോപ്പുനിർമാണത്തിനുപയോഗി ക്കാമെങ്കിലും ഇന്ത്യൻ സാഹചര്യങ്ങൾക്ക് മൃഗക്കൊഴുപ്പ് കൊണ്ടുള്ള സോപ്പിനെ ഉൾക്കൊള്ളാൻ കഴിയാത്തതുകൊണ്ട് വെളിച്ചെണ്ണ തന്നെയാണ് ഉപയോഗിക്കപ്പെട്ടുവന്നത്. അതിന്റെയർത്ഥം, ബോംബെയിലെ

സോപ്പുവ്യവസായമാണ് കേരളത്തിലെ വെളിച്ചെണ്ണയുടെയും നാളികേരത്തിന്റെയും വില നിശ്ചയിക്കുന്നത് എന്നാണ്. കുറഞ്ഞവിലയ്ക്ക് വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാനുള്ള കുത്തക വ്യവസായികളുടെ ശ്രമങ്ങളെ ഫലപ്രദമായി പ്രതിരോധിക്കാൻ കേരളത്തിനു സമീപകാലംവരെ കഴിഞ്ഞിരുന്നു.

എണ്ണക്കുപകരം ഫാറ്റി അമ്ലങ്ങൾ നേരിട്ടുപയോഗിക്കാൻ കഴിയുന്ന സാങ്കേതിക വിദ്യയുടെ വികാസത്തോടെ സോപ്പുവ്യവസായികൾ ആ വഴിക്കുതിരിയാൻ തുടങ്ങി. വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാനല്ലേ തടസ്സമുള്ളു; ഫാറ്റി അമ്ലം ഇറക്കുമതി ചെയ്യാമല്ലോ. ഇത് കേരളത്തിലെ നാളികേരകർഷകർക്കേറ്റ ആദ്യപ്രഹരമായിരുന്നു. അലക്കുസോപ്പു നിർമാണരംഗത്തുള്ള അസംഘടിത മേഖലയിലെ തദ്ദേശീയമായ ചെറുകിട സംരംഭകർ അപ്പോഴും വെളിച്ചെണ്ണ ഉപയോഗിച്ചു വന്നു. ഈ മേഖലയിൽ സംഘടിതസംരംഭകരെ–വൻകിടകളെ–സർക്കാർ അനുവദിച്ചിരുന്നില്ല. പ്രതിവർഷം 6 ലക്ഷം ടണ്ണോളം സോപ്പുൽപാദിപ്പിച്ചിരുന്ന ഈ മേഖലയുടെ സ്വാധീനം ചെറുതൊന്നുമായിരുന്നില്ലതാനും.

ഡിറ്റർജന്റുകളുടെ കടന്നു വരവ് അലക്കു സോപ്പു വ്യവസായത്തെയും ബാധിച്ചു എന്നത് സത്യമാണ്. എന്നാൽ പുത്തൻ സാമ്പത്തിക നയത്തിന്റെ ആവിർഭാവവും ആഗോളവൽക്കരണവുമാണ് ഈ മേഖലയെ തകർത്തത്. വിദേശമൂലധനത്തിന്റെയും സാങ്കേതിക വിദ്യയുടെയും പേരിൽ വാതിൽ മലർക്കെ തുറന്നിടാൻ സർക്കാർ തയ്യാറായി. വിദേശകമ്പനികളുമായി മത്സരിച്ചുകൊണ്ടിരുന്ന ഇന്ത്യൻ കുത്തകകൾ അവയുമായി കൂട്ടുചേരാൻ തുടങ്ങി. വൻകിട ഇന്ത്യൻ കമ്പനികളും ബഹുരാഷ്ട്ര കമ്പനികളും തമ്മിലുള്ള ലയനം ഇന്ത്യൻ കമ്പനി ബഹുരാഷ്ട്ര കമ്പനിയിൽ അലിഞ്ഞില്ലാതാകുന്ന സ്ഥിതി സംജാതമാക്കി. ഹിന്ദുസ്ഥാൻ ലിവർ ടാറ്റയുടെ സോപ്പു കമ്പനിയെ (TOMCO) വിഴുങ്ങിയത്, പ്രോക്ടർ ആന്റ് ഗാംബിൾ–ഗോദ്റെജ് കൂട്ടുസംരംഭം വന്നത് എല്ലാം ഇതിന്റെ ഭാഗമായിരുന്നു. ലൈസൻസിങ്ങ് നിയന്ത്രണങ്ങൾ എടുത്തുമാറ്റിയതോടെ ചെറുകിട മേഖലക്കുവേണ്ടി സംരക്ഷിച്ചു നിർത്തിയിരുന്ന അലക്കു സോപ്പുമേഖലയും പൂർണമായും ബഹുരാഷ്ട്ര കമ്പനികളുടെ അധീനതയിലായി. ടോംകോയെ

ലയിപ്പിച്ചതോടെ ഹിന്ദുസ്ഥാൻ ലിവറിന്റെ സോപ്പു വിപണിയിലെ പങ്കാളിത്തം 79 ശതമാനവും ഡിറ്റർജന്റ്മേഖലയിലേത് 60 ശതമാനവുമായി ഉയർന്നു. ടാറ്റാകമ്പനിക്കു മുൻപേ ഉണ്ടായിരുന്ന അലക്കു സോപ്പു യൂണിറ്റുകളും ഹിന്ദുസ്ഥാൻ ലിവറിന്റേതായിക്കഴിഞ്ഞപ്പോൾ ആധിപത്യം പൂർണമായി.

വിപണി മിക്കവാറും ഒരൊറ്റകമ്പനിയുടെ കുത്തകയായത് മറ്റു കമ്പനികളുടെ നിലനിൽപ് അസാദ്ധ്യമാക്കി. പുതിയ കമ്പനികൾ ഉണ്ടാവുന്നതിനും ഇത് തടസ്സമായി. തങ്ങളുടെ സ്ഥാപനം കൂടി ഹിന്ദുസ്ഥാൻ ലിവറിനെ ഏൽപ്പിക്കുകയോ അടച്ചുപൂട്ടുകയോ ചെയ്യേണ്ട ഗതികേടിലേക്ക് ചെറുകിട നിർമാതാക്കൾ എത്തി. സ്റ്റോക്കിസ്റ്റുകളും വിതരണക്കാരും ഹിന്ദുസ്ഥാൻ ലിവറിന്റെ താളത്തിനൊത്തു തുള്ളേണ്ട അവസ്ഥയിലെത്തി.

എല്ലാ ഇറക്കുമതി നിയന്ത്രണങ്ങളും നീക്കം ചെയ്യപ്പെട്ടു. ആഗോളവിപണികളിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെട്ട വിലകുറഞ്ഞ അസംസ്കൃത പദാർത്ഥങ്ങൾ ഫാറ്റി ആസിഡുകൾ, പാമോയിൽ എന്നിവ വെളിച്ചെണ്ണയെ സോപ്പുവ്യവസായത്തിൽ നിന്ന് മിക്കവാറും പുറന്തള്ളി. വെളിച്ചെണ്ണകൂടി അനിയന്ത്രിതമായി ഇറക്കുമതി ചെയ്യാമെന്നുവന്നപ്പോൾ നാളികേരകൃഷിയുടെ പതനം പൂർണമായി. ആറു രൂപ വിലയ്ക്കുവിറ്റിരുന്ന നാളികേരം രണ്ടുരൂപാക്കുപോലും വാങ്ങാൻ ആളില്ലാത്ത അവസ്ഥ വന്നു. കേരളത്തിന്റെ സാമ്പത്തിക അടിത്തറ തന്നെ തകർന്നു.

നമുക്കുവേണ്ട സോപ്പ് നമുക്ക് തന്നെ ഉണ്ടാക്കാം

വളരെ ലളിതമായ ഒരു സാങ്കേതിക വിദ്യയല്ലേ സോപ്പു നിർമാണത്തിന്റേത് ? സ്കൂൾ കുട്ടികൾക്കു പോലും അറിയാവുന്ന ഒന്ന്. വിലകൂടിയ ഉപകരണങ്ങളോ സംവിധാനങ്ങളോ ആവശ്യമില്ല. അസംസ്കൃത പദാർത്ഥങ്ങളാണെങ്കിൽ നാട്ടിൽ സുലഭമായികിട്ടും. എന്നിട്ടും എന്തുകൊണ്ടാണ് നമുക്കുവേണ്ട സോപ്പ് നമുക്കു തന്നെ ഉണ്ടാക്കാം എന്നു തോന്നാത്തത്? ബഹുരാഷ്ട്രകുത്തക തന്നെ വേണം നമ്മെ വൃത്തിയാക്കാൻ എന്നുണ്ടോ?

ഈ പ്രശ്നം നിസ്സാരമല്ല. ഈ ചോദ്യങ്ങൾക്കുത്തരം തേടാൻ

തയ്യാറാവുമ്പോൾ ഉണ്ടാകുന്ന തിരിച്ചറിവുകൾ ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമായ ചില കാഴ്ചപ്പാടുകൾ രൂപപ്പെടുത്താൻ നമ്മെ പ്രാപ്തരാക്കും.

സോപ്പുണ്ടാക്കാൻ ഈ നാട്ടിൽ ആരും ശ്രമിച്ചിട്ടില്ലെന്ന് ഇതിനർത്ഥമില്ല. സ്വയം തൊഴിൽ സംരംഭകരായി സോപ്പുൽപാദനം തുടങ്ങിയ എത്രപേരാണ് കുത്തുപാളയെടുത്തിട്ടുള്ളത് ! വ്യവസായ വകുപ്പിന്റെയും വികസന വകുപ്പിന്റെയും ഉപദേശം കേട്ട് ഉള്ള വീടും പറമ്പും പണയം വെച്ച് സോപ്പുനിർമാണ യൂണിറ്റു തുടങ്ങും. ഒടുവിൽ സോപ്പുചെലവാകാതെ വരുമ്പോൾ യൂണിറ്റടച്ചുപൂട്ടും. വീടും പറമ്പും ബാങ്കുകാർ ജപ്തിചെയ്തെടുക്കുകയും ചെയ്യും. ഇതു നമ്മൾ എത്രയോ കണ്ടതാണ്. എന്നിട്ടും ഇത്തരം ഉപദേശങ്ങൾ നൽകുന്നത് വിവരക്കേടല്ലെങ്കിൽ പിന്നെന്താണ് ?

ശരിയാണ്. നിരവധി സോപ്പുനിർമാണ യൂണിറ്റുകൾ പരാജയപ്പെട്ടിട്ടുണ്ട്. അതാവർത്തിക്കണമെന്നാരുപറഞ്ഞു? ജനകീയമായ ഒരാവശ്യമായി തോന്നിയാൽ മാത്രം തുടങ്ങിയാൽ മതി. ഇന്നത്തെ ജീവിതസാഹചര്യങ്ങൾ, സമസ്തമേഖലകളിലുമുള്ള അധിനിവേശം ഇതൊക്കെകൊണ്ട് വീർപ്പുമുട്ടൽ തോന്നുന്നുണ്ടെങ്കിൽ മാത്രം നിങ്ങൾ ഇതിൽ പങ്കാളിയായാൽ മതി.

കേരളമിന്നൊരു ഉപഭോക്തൃ സംസ്ഥാനമായിരിക്കുകയാണ്. നമുക്കുവേണ്ടതെല്ലാം നാം അന്യനാടുകളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നു. അരിയും, പച്ചക്കറിയും, സോപ്പും, ചീപ്പും മുല്ലപ്പൂവും എല്ലാം. നാമുണ്ടാക്കുന്നതെല്ലാം നാം പുറത്തുള്ളവർക്ക് വിറ്റ് കാശാക്കുന്നു. അന്യനാടുകളിൽ പോയവർ തങ്ങളുടെ അധ്വാനശേഷി വിറ്റുകിട്ടുന്ന പണം നാട്ടിലെത്തിക്കുന്നു. ഇതെല്ലേ നാട്ടുനടപ്പ് ? നമുക്കാവശ്യമുള്ളതല്ലേ നാം വാങ്ങുന്നത് ? വേണ്ടാത്തവരെ ആരെങ്കിലും നിർബന്ധിക്കുന്നുണ്ടോ?

ശരിയാണ്. വിപണി നിങ്ങൾക്ക് സ്വാതന്ത്ര്യം തരുന്നുണ്ട്. പക്ഷേ എത്രമാത്രം സ്വാതന്ത്ര്യം? നിങ്ങൾക്കാവശ്യമുള്ളതെന്തും വിപണിതരുന്നുണ്ടോ? വിപണിയിൽ ലഭ്യമായതിൽ നിന്ന് നിങ്ങൾക്ക് വേണ്ടതുതെരെഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമല്ലേ ഉള്ളൂ? എന്ത്, എത്രമാത്രം,

എന്തു വിലക്ക് ഇവയെല്ലാം വിപണിയുമായി ബന്ധപ്പെട്ട വസ്തുതകളല്ലേ? ഇവ തീരുമാനിക്കുന്നതിൽ നിങ്ങൾക്കെത്ര സ്വാതന്ത്ര്യമുണ്ട്? ആവശ്യമായ ഉപഭോഗവസ്തുക്കളിൽ വിപണിയിൽ ലഭ്യമായവ വിപണി നിശ്ചയിക്കുന്ന വിലയ്ക്ക് വാങ്ങാൻ നിങ്ങൾ നിർബന്ധിക്കപ്പെടുകയല്ലേ?

നിങ്ങൾക്കു വേണ്ടെന്നുവെയ്ക്കാമല്ലൊ? ആരെങ്കിലും നിങ്ങളെ നിർബന്ധിക്കുന്നുണ്ടോ?

ആരും നിർബന്ധിക്കുന്നില്ലെന്നു തീർത്തു പറയാമോ? സാമൂഹികസമർദ്ദമില്ലേ? സമൂഹത്തിൽ മറ്റുള്ളവരോടൊപ്പം "മാന്യമായി" ജീവിക്കാനുള്ള സമ്മർദ്ദം. ഈ സമ്മർദ്ദം നിങ്ങളെ വിപണിയുടെ ഭാഗമാക്കും.

ഇനി ഇതിന്റെ മറുവശം നോക്കൂ. നിങ്ങൾക്കു വിൽക്കാനുള്ളതിന്റെ വില ആരാണ് നിശ്ചയിക്കുന്നത് ? നിങ്ങളുടെ അധ്വാനശേഷിക്കടക്കം വില നിശ്ചയിക്കാൻ നിങ്ങൾക്കു കഴിയുമോ? വിപണി നിശ്ചയിക്കുന്ന വിലക്ക് ഇവയെല്ലാം വിൽക്കാൻ നിങ്ങൾ നിർബന്ധിതനല്ലേ? സോപ്പിന്റെ വില നിശ്ചയിക്കുന്നത് അത് വിൽക്കുന്ന വ്യാപാരിയും നാളികേരത്തിന്റെ വില നിശ്ചയിക്കുന്നത് അത് വാങ്ങുന്ന വ്യാപാരിയുമാണ്.

അപ്പോൾ വിപണി സ്വതന്ത്രമാണെന്നു പറയുന്നതോ? ഉപഭോക്താവ് രാജാവാണെന്നു പറയുന്നതോ?

അനുഭവത്തിൽ നിന്നും മനസ്സിലാകുന്നതെന്താണ്? വിപണിയല്ലേ സർവശക്തൻ? വിപണിയുടെ നിർണയങ്ങൾക്കനുസരിച്ച് പെരുമാറേണ്ടവരല്ലേ? ഉൽപാദകരും ഉപഭോക്താക്കളും? (ആവശ്യമുള്ളതെന്തും വാങ്ങാൻ ധനശേഷിയുള്ള ഉപഭോക്താവിനെ വേണമെങ്കിൽ രാജാവെന്നു പറഞ്ഞോളൂ.)

ഏതു കമ്പനിയുടെ ഉൽപന്നം വാങ്ങണം എന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമെങ്കിലും നിങ്ങൾക്കില്ലേ? ശരിയാണ് സോപ്പു വാങ്ങാനേ സാമൂഹികസമർദ്ദമുള്ളൂ. ഏതു ബ്രാന്റ് വാങ്ങണം എന്നത് എനിക്ക് തന്നെ തീരുമാനിക്കാം.

എന്നാൽ ഈ തീരുമാനത്തെ സ്വാധീനിക്കുന്ന നിരവധി ഘടകങ്ങളില്ലേ? ബ്രാന്റിന്റെ വില അതിനു സമൂഹത്തിലുള്ള "അംഗീകാരം",

ഇത്തരം അംഗീകാരം ഉണ്ടാക്കിയെടുക്കുന്നതിനു വേണ്ടി മാധ്യമ പിന്തുണയോടെ നടത്തുന്ന പരസ്യം എന്നിവയെ തീരുമാനമെടുക്കാനുള്ള എന്റെ അവകാശത്തെ സ്വാധീനിക്കുന്നവയാണ്. വിപണിയുടെ തുറന്നിടൽ ഇത്തരം സ്വാധീനങ്ങളുടെ ശക്തി വർധിപ്പിച്ചിരിക്കുകയാണ്. ആഗോളവൽക്കരണം വിപണിയുടെ വ്യാപ്തിയും ശക്തിയും വർദ്ധിപ്പിച്ചതോടൊപ്പം ഉപഭോക്താവിനെ (ഉൽപാദകനേയും) കൂടുതൽ നിസ്സഹായനാക്കിയിരിക്കുന്നു.

എന്നാൽ സ്വാധീനങ്ങൾക്കുവിധേയമെങ്കിലും ഇന്നും കൈമോശം വന്നിട്ടില്ലാത്ത നമ്മുടെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ശരിയായരീതിയിൽ ഉപയോഗപ്പെടുത്തിയാൽ ശക്തമായ ചെറുത്തുനിൽപിനുള്ള തുടക്കമായി അതിനെ മാറ്റാൻ പറ്റും. ഒരു സമൂഹം എന്തുൽപാദിപ്പിക്കണം; എന്തു ഭക്ഷിക്കണം; എങ്ങിനെ ജീവിക്കണം എന്നു തീരുമാനിക്കാനുള്ള സമൂഹത്തിന്റെ അവകാശം സംരക്ഷിക്കാനുള്ള ചെറുത്തുനിൽപ്പ്; മൂന്നാം ലോക രാജ്യങ്ങളിലെ മനുഷ്യ സമൂഹങ്ങൾക്കു മീതെ സാമ്രാജ്യത്വ സമീപനങ്ങൾ അടിച്ചേൽപിക്കാനുള്ള നീക്കങ്ങൾക്കെതിരെയുള്ള ചെറുത്തുനിൽപ്പ്; തങ്ങളുടെ തനിമയും സ്വാശ്രയത്വവും സംരക്ഷിക്കുനുള്ള ചെറുത്തുനിൽപ്പ്..... ഉപഭോഗവസ്തുക്കളെ ബഹിഷ്കരിച്ചുകൊണ്ടല്ല ഉപഭോഗത്തെ ആയുധമാക്കിക്കൊണ്ട്. എന്തുവാങ്ങണം, എന്തുവാങ്ങണ്ട എന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം സംരക്ഷിച്ചുകൊണ്ട്. ഈ ചെറുത്തുനിൽപ് മുന്നോട്ടുകൊണ്ടുപോകേണ്ട തുണ്ട്.

കേരളസമൂഹത്തെ സംബന്ധിച്ചിടത്തോളം സോപ്പ് പ്രസക്തമാകുന്നത് ഇവിടെയാണ്. 1000 കോടിയിൽപരം രൂപയുടെ സോപ്പും സോപ്പു ചേരുവകളും പ്രതിവർഷം കേരളീയർ ഉപയോഗിക്കുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്ന് (ഇറക്കുമതി ഉദാരവൽക്കരണത്തോടെ അന്യരാജ്യങ്ങളിൽ നിന്നും) ആണ് ഇതിന്റെ സിംഹഭാഗവും വരുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ പ്രതിവർഷം 1000 കോടി രൂപ കേരളത്തിൽ നിന്ന് സോപ്പിനത്തിൽ പുറത്തേക്കൊഴുകുന്നു. (കേരളത്തിൽ ഉൽപാദിപ്പിക്കുന്ന പ്രധാന സോപ്പായ ചന്ദ്രികയ്ക്ക് വിപണിയിലുള്ള പങ്ക് 1.62 ശതമാനം മാത്രമാണ്).

വിപണിയുടെ കബളിപ്പിക്കൽ തന്ത്രങ്ങൾക്കും മാധ്യമങ്ങൾക്കും വശംവദരായ കേരളീയൻ ബ്രാന്റ് മാഹാത്മ്യങ്ങളുടെ പിറകേപായുന്നു. നാലുപേരുള്ള വീട്ടിൽ മൂന്നുതരം സോപ്പെങ്കിലും വാങ്ങിക്കുന്ന അവസ്ഥയാണിന്ന്. സുഗന്ധവസ്തുവിന്റെയും നിറംനൽന്ന വസ്തുവിന്റെയും കാര്യത്തിലല്ലാതെ വ്യത്യസ്ത ബ്രാന്റുകൾ തമ്മിൽ സാരമായ വ്യത്യാസമൊന്നുമില്ല എന്ന് ഏവരും അംഗീകരിക്കുന്നു. അഴുക്കിളക്കാനുള്ള കഴിവ് സോപ്പിന്റെ ബ്രാന്റിനെ എന്നതിനേക്കാൾ അതിലടങ്ങിയിട്ടുള്ള കൊഴുപ്പംശത്തെ ആശ്രയിച്ചിരിക്കുന്നു. എന്നതും നാം കണ്ടതു.

എന്നാൽ പരസ്യങ്ങൾ ബ്രാന്റ് മാഹാത്മ്യമാണ് ഉപഭോക്താവിൽ എത്തിക്കുന്നത്. വെളിച്ചെണ്ണയുടെ വൈദ്യശാസ്ത്രപരമായ മേന്മകൾ വളരെയേറെയാണ്. കഴിഞ്ഞനാലു ദശകങ്ങളായി ഒരു ഭക്ഷ്യഎണ്ണ എന്ന നിലയിൽ വെളിച്ചെണ്ണയെ പ്രതിസ്ഥാനത്തുനിർത്താൻ അതിശക്തവുമായ പ്രവർത്തനങ്ങളുണ്ടായിരുന്നു. അമേരിക്കൻ ഭക്ഷ്യഎണ്ണ വ്യവസായത്തിന്റ താൽപര്യപ്രകാരം നടന്ന ഇത്തരം പ്രവർത്തനങ്ങളുടെ അണിയറ രഹസ്യങ്ങൾ പുറത്തു വന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ചർമസംരക്ഷണത്തിനും രോഗാണുനാശനത്തിനും വെളിച്ചെണ്ണയ്ക്കുള്ള കഴിവും ആരും ഒരിക്കലും ചോദ്യം ചെയ്തിട്ടില്ല–ബോധപൂർവ്വം പരസ്യമാക്കിയിട്ടില്ല എന്നു മാത്രം. ഈ സവിശേഷതകൾ വെളിച്ചെണ്ണയിൽ നിന്നുൽപാധിപ്പിക്കുന്ന സോപ്പിനും അവകാശപ്പെടാവുന്നതാണ്.

വൻകിട സോപ്പുനിർമാതാക്കളുടെ ഒരു സോപ്പും ഇന്ന് വെളിച്ചെണ്ണ ഉപയോഗിക്കുന്നില്ല. അവ കൃത്രിമ ഫാറ്റി ആസിഡുകളും സോഡിയം കാർബണേറ്റുകളും ചേർന്നുള്ള രാസപ്രവർത്തനം വഴിയാണ് നിർമിക്കപ്പെടുന്നത്. കേരളീയരായ നമുക്കെങ്കിലും വെളിച്ചെണ്ണയുടെ സവിശേഷ മേന്മകളും അതിൽ നിന്നുണ്ടാകുന്ന സോപ്പിന്റെ മെച്ചവും മനസ്സിലാകേണ്ടതല്ലേ.

ഓരോ വീട്ടിലും അവർക്കുവേണ്ട സോപ്പുണ്ടാക്കാവുന്നതേയുള്ളു. അത്ര എളുപ്പമാണ് നിർമാണപ്രക്രിയ. ഉൽപന്നത്തെ വിശ്വസിക്കുകയും ചെയ്യാം. പക്ഷേ ഇതൊരുപതിവുപരിപാടിയായി എത്രനാൾ വീടുകളിൽ നടക്കും എന്നതിൽ സംശയമുണ്ട്. കുറച്ചുനാൾ കഴിയുമ്പോൾ ആവേശം

തണുക്കും. മറ്റു തിരക്കുകൾക്കിടയ്ക്ക് സമയം കിട്ടാതാവും. ഒടുവിൽ കടയിൽ നിന്നുതന്നെ സോപ്പുവാങ്ങുന്ന എളുപ്പ പണിയെലെത്തിചേരുകയും ചെയ്യും.

ഒരു പ്രാദേശിക സംരംഭത്തെ നമുക്കുവേണ്ടി ഈ ചുമതലകൾ ഏൽപ്പിച്ചുകൂടെ? നമുക്കു വേണ്ട സോപ്പ് ചിട്ടയായി നമ്മുടെ വീട്ടിലെത്തിച്ചുതരുന്ന ഒരു സംരഭത്തെ? (പച്ചക്കറികളും, മത്സ്യങ്ങളും, അച്ചാറും, പലഹാരങ്ങൾപോലും ഇന്ന് വീട്ടിലെത്തുന്നുണ്ടല്ലൊ) സ്ത്രീ ശക്തീകരണ പ്രവർത്തനങ്ങളുടേയും ജനകീയാസൂത്രണത്തിന്റേയും ഭാഗമായി രൂപപ്പെട്ടുവന്ന അയൽകൂട്ടങ്ങൾക്കും സ്വയംസഹായ സംഘങ്ങൾക്കും ഈ ഉത്തരവാദിത്വം ഏറ്റെടുക്കാവുന്നതാണ്. ഒരു പരസ്പരധാരണയുടെ അടിസ്ഥാനത്തിലേ ഇതു പറ്റൂ. ഒരു പ്രദേശത്തെ, അതെത്ര ചെറുതോ വലുതോ ആകട്ടെ, ജനങ്ങൾക്കുവേണ്ടി ഒരു സ്വയം സഹായ സംഘം ഈ ചുമതല ഏറ്റെടുക്കട്ടെ. ആ സ്വയംസഹായ സംഘത്തേയും അതിന്റെ പ്രവർത്തനത്തേയും നിലനിറുത്തേണ്ട ഉത്തരവാദിത്വം സമൂഹം ഏറ്റെടുക്കുകയും വേണം.

അതിനെന്താ വിഷമം? നല്ല സോപ്പ് കുറഞ്ഞ വിലയ്ക്ക് നൽകിയാൽ ആരാണ് വാങ്ങിക്കാത്തത് ? വളരെ എളുപ്പം അല്ലേ. പക്ഷേ കാര്യങ്ങൾ അത്ര എളുപ്പമല്ല എന്നതാണ് വാസ്തവം. ഇന്നത്തെ വിപണി നിലവാരം വെച്ച് കുറഞ്ഞ വിലയ്ക്ക് വെളിച്ചെണ്ണയിലുണ്ടാക്കിയ നല്ല സോപ്പ് നൽകാൻ ഇത്തരം സ്വയം സഹായ സംഘങ്ങൾക്കും പ്രാദേശിക സംരംഭകർക്കും കഴിയും. പക്ഷേ വൻകിട സോപ്പുനിർമാതക്കളും വ്യാപാരികളും വെറുതെയിരിക്കുമെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? അതു ശരിയാണ് അവർ എന്തെങ്കിലും ചെയ്യാതിരിക്കില്ല. തങ്ങളുടെ ഉൽപനങ്ങൾക്ക് വിലകുറച്ചുകൊണ്ട് വിപണി തിരച്ചു പിടിക്കാൻ അവർ ശ്രമിക്കുമെന്നത് തീർച്ചയാണ്. അവർ വിലകുറക്കും, ഒരു വിലകുറക്കൽ മത്സരം തന്നെ ഉണ്ടായെന്നുവരാം.

അതു കൊള്ളാമല്ലൊ? അപ്പോൾ സോപ്പിന്റെ വില വളരെ കുറയുമല്ലൊ? വളരെ നല്ലകാര്യം. ഇതാണ് വിപണിയിലെ മത്സരം ഉപഭോക്താവിന് ഗുണകരമാകും എന്നു പറയുന്നതിന്റെ അർത്ഥം അല്ലേ?

ഒറ്റ നോട്ടത്തിൽ ശരിയെന്നുതോന്നാം. പക്ഷേ ഒന്നുകൂടി ആലോചിച്ചാലോ? ഒരു പരിധിക്കപ്പുറം വിലക്കുറക്കാൻ ചെറുകിട നിർമാതാക്കൾക്കുകഴിയില്ല. ഉൽപാദനചിലവിലും കുറച്ചുവിറ്റാൽ പിന്നെ ഉൽപാദനം നടക്കില്ലല്ലൊ? വൻകിടക്കാരുടെ സ്ഥിതി അതല്ല. അവരുടെ കയ്യിൽ ലോകമെമ്പാടുമുള്ള വിപണിയുണ്ട്; നിരവധി ഉൽപന്നങ്ങളുടെ വിപണിയുണ്ട്, അതിഭീമമായ ധനശേഷിയുമുണ്ട്. നഷ്ടം സഹിച്ചു വിലകുറക്കാൻ അവർക്കു കഴിയും. ഒരു ഉൽപന്നത്തിലെ നഷ്ടം മറ്റൊന്നിൽ നിന്ന് ഈടാക്കും. അല്ലെങ്കിൽ ഒരു പ്രദേശത്തുണ്ടാകുന്ന നഷ്ടം മറ്റു പ്രദേശങ്ങളിൽ നിന്ന് മുതലാക്കും.

ഇതിന്റെ ഫലം, പ്രാദേശിക ഉൽപന്നത്തിന് വിപണി നഷ്ടപ്പെടുക എന്നതാണ്. അവർ വല്ലാത്ത ഒരു ഗതി കേടിലാണ് എത്തിച്ചേരുക. മത്സരിച്ച് വിലകുറച്ചാൽ നഷ്ടംകാരണം ഉൽപാദനം നിർത്തേണ്ടിവരും. വിലകുറച്ചില്ലെങ്കിൽ ഉൽപന്നം ചെലവാകാതെ വന്ന് ഉൽപാദനം നിർത്തേണ്ട അവസ്ഥ വരും. ആഴക്കടലിനും ചെകുത്താനുമിടക്കുള്ള അവസ്ഥ. പ്രാദേശികസംരംഭം നശിച്ചു കഴിഞ്ഞു ഇനി തിരിച്ചു വരില്ല എന്നുറപ്പായാൽ വൻകിടക്കാരൻ പതുക്കെ വിലകൂട്ടും. തോന്നിയപോലെ ആരുണ്ടിനി എന്നോടു മത്സരിക്കാൻ എന്ന ഭാവത്തിൽ. വിപണിയിലെ മത്സരത്തിൽ അവസാന വിജയം കുത്തകക്കാണ്, ഉപഭോക്താവിനല്ല. താൽക്കാലിക നേട്ടത്തിൽ കണ്ണുമഞ്ഞളിച്ച് സ്വന്തം തോൽവി സ്വയം വരുത്തിവെയ്ക്കുന്ന ഉപഭോക്താവിനല്ല. ഉപഭോക്താവിന്റെ ഈ ദുർബല സ്വഭാവം കുത്തകക്കും വിപണിക്കും നല്ലവണ്ണം അറിയാം. എന്നാൽ ഉപഭോക്താവിനറിയില്ല.

ചെറുകിട സോപ്പുൽപാദകരും സ്വയം തൊഴിൽ സംരംഭകരും പരാജയപ്പെട്ടതിന്റെ കാരണം ഇതായിരുന്നു അല്ലേ. അതുകൊണ്ടാണ് പ്രാദേശികസംരംഭം ജനകീയ കൂട്ടായ്മയുടെ ഭാഗമാവുകയും കൂട്ടായ്മ അതിന്റെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്താലേ അതിന് നിലനിൽപുണ്ടാകു എന്നു പറഞ്ഞത്. ഈ ആവശ്യകത ആദ്യം മനസ്സിലാക്കിയതും വ്യക്തമാക്കിയതും മഹാത്മാഗാന്ധിയാണ്. പ്രാദേശിക സമൂഹത്തിന്റെ സ്വാശ്രിതത്വം നിലനിർത്താൻ രണ്ടു കാര്യങ്ങൾ അനിവാര്യമാണെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

1. പ്രാദേശിക ഉൽപന്നം അൽപം വിലകൂടിയതാണെങ്കിലും അതുമാത്രമേ വാങ്ങു എന്ന നിശ്ചയിക്കൽ പ്രാദേശിക ഉൽപാദനം ഉറപ്പാക്കുന്നതിനുവേണ്ടി സമൂഹം ചെയ്യേണ്ട ഒരു വിട്ടുവീഴ്ചയാണ്.

2. ഗുണമേന്മയെക്കുറിച്ചുള്ള പ്രചരണങ്ങളിൽ വീണുപോകാതെ പ്രാദേശിക ഉൽപന്നമേ ഉപയോഗിക്കു എന്നു തീരുമാനിക്കൽ.

കൂട്ടായ്മയിൽ നിന്ന് എന്തുലാഭം കിട്ടും എന്നല്ല കൂട്ടായ്മക്കുവേണ്ടി ഞാൻ എന്തുവിട്ടുവീഴ്ച്ച ചെയ്യണം എന്നാണ് ചിന്തിക്കേണ്ടത് എന്ന ഗാന്ധിയൻ കാഴ്ച്ചപ്പാടിൽ നിന്നാണ് ഈ നിർദേശങ്ങൾ ഉണ്ടായത്.

ഇവിടെ പരമാർശിച്ച പ്രാദേശിക ഉൽപന്നത്തിന്റെ ഗുണമേന്മ സംബന്ധിച്ച ആശയവും സമകാലീന സാഹചര്യത്തിൽ വളരെ പ്രസക്തമാണ്. ഗുണമേന്മയെക്കുറിച്ചുള്ള പുത്തൻ ധാരണകൾ രൂപപ്പെടുത്താനും മാധ്യമ പിൻബലത്തോടെ അത് സമൂഹത്തിൽ അടിച്ചേൽപിക്കാനും കുത്തകകൾക്ക് കഴിവുണ്ടെന്ന് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ഇന്നത്തെ നല്ല ഉൽപന്നത്തെ രണ്ടാം തരമാക്കാനും അപകടകാരിയാക്കാനും വരെ ഇത്തരത്തിൽ കഴിയും (വെളിച്ചെണ്ണ എന്ന ഭക്ഷ്യ എണ്ണ കേരളീയരുടെ ഇടയിൽ പോലും അപകടകാരിയായത് ഓർക്കേണ്ടതാണ്).

ജനകീയമായ തിരിച്ചറിവിന്റേയും ബോധ്യപ്പെടലിന്റേയും, അവകാശപ്പെടലിന്റേയും, സംരക്ഷണത്തിന്റേയും പിൻബലം പ്രാദേശിക ഉൽപാദനസംരംഭങ്ങളുടെ നിലനിൽപിനും വളർച്ചയ്ക്കും അനിവാര്യമാണ്.

ഇത്തരത്തിൽ സോപ്പുൽപാദന സംരംഭങ്ങളെ നിലനിർത്തേണ്ട എന്തു സാധ്യതയാണ് സമൂഹത്തിനും അതിലെ വ്യക്തികൾക്കുമുള്ളത് ? പ്രത്യേകിച്ചും ഓരോരുത്തരുടെയും മടിശ്ശീലക്കും അഭിരുചിക്കു മിണങ്ങുന്നതരം നിരവധി ബ്രാന്റുകൾ വിപണിയിൽ സുലഭമായി ലഭ്യമായ സോപ്പിന്റെ കാര്യത്തിൽ.

ഈ സാമൂഹിക ബാധ്യത, അതായത് പ്രാദേശിക സോപ്പുൽപാദനത്തിന്റെ രാഷ്ട്രീയം തിരിച്ചറിയുകയും കേരള സമൂഹത്തിനെ ബോധ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. എന്തൊക്കെയാണിതിന്റെ സാമ്പത്തിക രാഷട്രീയ വശങ്ങൾ?

ഒരു വീട്ടിൽ ശരാശരി 5 സോപ്പെങ്കിലും പ്രതിമാസം ഉപയോഗിക്കുന്നു. ഒരു ഗ്രാമപഞ്ചായത്തു വാർഡിലെ വീടുകളുടെ എണ്ണം 500. അതായത് ഒരു വാർഡിലെ. പ്രതിമാസ ആവശ്യം 2500 സോപ്പ്. ഇത്രയും സോപ്പുൽപാദിപ്പിക്കാനുള്ള ഉത്തരവാദിത്വം അയൽകൂട്ടങ്ങൾ അതിലെ സ്വയം സഹായ സംഘത്തെ ഏൽപിക്കുന്നു. സോപ്പ് എല്ലാ വീടുകളും ഉപയോഗിക്കും എന്ന ധാരണയുടെ അടിസ്ഥാനത്തിൽ ഒരു സോപ്പിന്റെ ഉൽപാദന വിപണനങ്ങൾക്കിടയിൽ ഒരു രൂപയുടെ മിച്ചം കിട്ടുമെങ്കിൽ പ്രിതിമാസ വരുമാനം 2500ക. സോപ്പുൽപാദന ചുമതല ഏറ്റെടുക്കുന്ന സ്വയം സഹായ സംഘത്തിലെ ഒരംഗത്തിന് പ്രതിമാസം 2500ക വരുമാനം കിട്ടുന്ന തൊഴിൽ സ്ഥിരമാകുന്നു എന്നതാണിതിന്റെ ഫലം. കേരളം മുഴുവൻ ഈ പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിഞ്ഞാൽ 16000 സ്ത്രീകൾക്കെങ്കിലും മാന്യമായ വരുമാനത്തോടെയുള്ള സ്ഥിരം തൊഴിൽ ലഭ്യമാക്കാൻ ഈ ജനകീയ മുന്നേറ്റത്തിനു കഴിയും. അലക്കുസോപ്പ്, സോപ്പുപൊടി എന്നിവകൂടി ഈ ഉൽപാദന വിപണന ശൃംഖലയിലേയ്ക്ക് ചേർത്താൽ തൊഴിൽ സാധ്യത കൂട്ടാൻ കഴിയും.

സോപ്പും സോപ്പനുബന്ധ ഉൽപന്നങ്ങളുമായി ചുരുങ്ങിയത് 1500 കോടി രൂപയുടെ ഉൽപന്നങ്ങൾ കേരള വിപണിയിൽ വിറ്റഴിയുന്നുണ്ട്. ഇതിൽ വ്യാപാരികളുടെ കമ്മീഷനെഴികെയുള്ളതു മുഴുവനും തന്നെ അന്യ സംസ്ഥാനങ്ങളിലെക്കാണൊഴുകുന്നത്. മറ്റു ചില മേഖലകളിൽ കേരളത്തിൽ നിന്നും പുറത്തേക്കൊഴുകുന്ന കോടികളെ കുറിച്ചു വിലപിക്കുന്നവർ ഇതൊന്നു കാണാറില്ല. പണത്തിന്റെ ഈ ഒഴുക്കു തടയുന്നതുകൊണ്ട് കേരളത്തിലെ സമ്പദ് വ്യവസ്ഥയ്ക്കുണ്ടാകുന്ന നേട്ടം ചെറുതല്ല.

ഒരു പക്ഷേ മുൻപ് പരമാർശിച്ചതിനേക്കാൾ എത്രയോ വലുതാണ് വെളിച്ചെണ്ണയുടെ വിപണിസംരക്ഷിക്കുക വഴി കേരളത്തിനുണ്ടാകുന്ന നേട്ടം. ഒരു കിലോ വെളിച്ചെണ്ണ വേണം 75ഗ്രാം തൂക്കമുള്ള ഇരുപത് സോപ്പുണ്ടാക്കാൻ. ഒരുമാസം 3 കോടി സോപ്പാണ് കേരളത്തിന്റെ ആവശ്യം (ഒരു വീടിന് 5 വീതം 60ലക്ഷം വീടുകൾക്ക്). അതായത് ഒരു വർഷത്തിൽ 36 കോടി. ഇത്രയും സോപ്പുൽപാദിക്കാൻ ആവശ്യമായ വെളിച്ചെണ്ണ

എത്രയെന്നോ? 18000 ടൺ. ഇത്രയും വെളിച്ചെണ്ണക്ക് സ്ഥിരമായ വിപണി ഉറപ്പാക്കാൻ താരതമ്യേന ലളിതമെന്നുതോന്നുന്ന ജനകീയ സോപ്പുൽപാദന പ്രവർത്തനം വഴി കഴിയുന്നു. ആഗോളവൽകരണത്തിന്റെ സമ്മർദ്ദങ്ങൾക്കടിപ്പെട്ട് തകർന്നടിയുന്ന കേരളത്തിലെ നാളികേരകർഷകർക്ക് വെളിച്ചെണ്ണ വിപണിയിലുണ്ടാവുന്ന നേരിയ ഒരുണർവുപോലും അനുഗ്രഹമായിരിക്കും. തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന കേരളത്തിന്റെ കാർഷികമേഖലയെ സംരക്ഷിക്കാനുള്ള ഒരു ചെറിയ ജനകീയ മുന്നേറ്റം കൂടിയാണിത്.

ഉൽപാദകരും ഉപഭോക്താക്കളും തമ്മിലുള്ള പരസ്പര ആശ്രിതത്വത്തിന്റെ ഉദാഹരണമായും ഇതിനെ വളർത്തിയെടുക്കാം. നാളികേര ഉൽപാദകർ സോപ്പിന്റെ ഉപഭോക്താക്കളുമല്ലേ? സ്വാഭാവികമായും വെളിച്ചെണ്ണയേയും നാളികേരകൃഷിയേയും സംരക്ഷിക്കാൻ ശ്രമിക്കുന്ന സംരംഭത്തിന് എല്ലാ പിന്തുണയും നൽകാൻ അവർ ബാധ്യസ്ഥരാണ്. ഇത്തരമൊരു ധാരണയുണ്ടാക്കിയാൽ സോപ്പിന്റെ വിപണി ഭദ്രമാകും. ഇത് പുതിയ ചില സമവാക്യങ്ങളിലേക്കാണ് എത്തുന്നത്. ഉൽപാദകനും ഉപഭോക്താവിനും ഇടയിൽ ഇടനിലക്കാരായ വ്യാപാരികളുടെ ഇത്ര വലിയ ശൃംഖല ആവശ്യമുണ്ടോ? ഇല്ലെന്നുപറയാൻ തയ്യാറായി നിരവധി പരീക്ഷണങ്ങൾ ലോകത്തിന്റെ വിവധ ഭാഗങ്ങളിൽ നടക്കുന്നുണ്ട്. ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും യൂറോപ്പിലെ വികസിത സമൂഹങ്ങളിലും അമേരിക്കൻ ഐക്യനാടുകളിൽ പോലും ഇത്തരം ബദൽ വ്യാപാര (alter trade) പരീക്ഷണങ്ങൾ നടക്കുന്നുണ്ട് (പഴയ മണിചെയിന്റെ പുതുരൂപമായ സ്വകാര്യ കച്ചവട ശൃംഖലയല്ല ഉദ്ദേശിച്ചത്). ലോക വ്യാപാരസംഘടനയെ ഉപയോഗിച്ചുകൊണ്ട് വികസ്വര രാജ്യങ്ങളിലെ ജനങ്ങൾക്കുനേരെയും വികസിത സമൂഹങ്ങളിലെ ദരിദ്രവിഭാഗങ്ങൾക്കു നേരെയും ബഹുരാഷ്ട്ര കുത്തകകൾ നടത്തുന്ന ചൂഷണത്തിനെതിരേയുള്ള പ്രക്ഷോഭത്തിന്റെ ഭാഗമാണിത്. ഇത് കൂടുതൽ കൂടുതൽ വ്യാപിക്കുമെന്നതിൽ സംശയമില്ല.

ഇത്തരം ഒരാഗോള പശ്ചാത്തലത്തിൽ വേണം ജനകീയ സോപ്പുനിർമാണസംരംഭങ്ങളെ വിലയിരുത്താൻ. സോപ്പെന്ന ഒരുൽപന്നം

കൊണ്ട് ആഗോളവൽക്കരണത്തെ തടയാൻ കഴിയുമോ? കേരളത്തിലെ ഒറ്റപ്പെട്ട പ്രവർത്തനംകൊണ്ട് എന്തുഫലം? എന്നൊക്കെ ചോദിക്കുന്നവരുണ്ട്. ഒരുൽപന്നവുമായി തുടങ്ങി അതു വിജയിപ്പിക്കാൻ കഴിഞ്ഞാൽ ജനങ്ങൾക്ക് കൈവരുന്ന ആത്മധൈര്യം മറ്റു നിരവധി ഉൽപന്നങ്ങൾകണ്ടെത്താനും അവയുടെ നിർമാണത്തിനും വിതരണത്തിനും ജനകീയ ബദലുകൾ കണ്ടെത്താനും സഹായകമാകും. ലോകമെമ്പാടും നടക്കുന്ന ചെറിയ ചെറിയ പരീക്ഷണങ്ങളുടെ അനുഭവപാഠങ്ങൾ കൂടി ചേരുമ്പോൾ ഇതൊരുവൻപ്രക്ഷോഭം തന്നെയാകും. മറ്റുപോം വഴികളില്ല (There is no altirnative – Tina) എന്ന് ഏറെ നാളായി മുഴങ്ങികൊണ്ടിരിക്കുന്ന പല്ലവിക്ക് ഒരെതിർശബ്ദമായി പോംവഴികളുണ്ട് (There are alternative) എന്നു ഉറക്കെ വിളിച്ചു പറയാൻ ഈ ചെറിയ കാൽവെപ്പുകൾ സഹായകമാകും.

ജനതയുടെ കൂട്ടായ്മയിലുള്ള വിശ്വാസം, പരസ്പരാശ്രിതത്വത്തെക്കുറിച്ചുള്ള തിരിച്ചറിവ്, നമുക്ക് കഴിയും എന്ന ആത്മ വിശ്വാസം ഇവ കൂടിചേർന്നാൽ ഏതു മുതലാളിത്ത കയ്യേറ്റത്തേയും നേരിടാൻ കഴിയുന്ന സ്വാശ്രിത മാതൃകകൾ സൃഷ്ടിക്കാൻ നമുക്കു കഴിയും. സ്വന്തം സമ്പത്തും സാധ്യതകളും ആവശ്യങ്ങളും വിശദമായി പഠിച്ച് സമഗ്രമായ വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുക. കഴിഞ്ഞ 4 വർഷങ്ങളിൽ ജനകീയാസൂത്രണത്തിലൂടെ ഇത്തരമൊരു പുതിയ വികസന കാഴ്ചപ്പാട് രൂപപ്പെടുത്താനാണ് കേരളം ശ്രമിച്ചത്. അതിന് പിന്തുണയേകാനാണ് അയൽകൂട്ടങ്ങളും ഗ്രാമസഭകളും സ്വയം സഹായസംഘങ്ങളുമെല്ലാം രൂപമെടുത്തത്. ഈ കൂട്ടായ്മകളുടെ പിൻബ ലത്തിൽ ജനകീയമായ സോപ്പുനിർമാണ സംരംഭങ്ങൾ നമുക്ക് വ്യാപകമാക്കാൻ കഴിയും. വിമർശന ബുദ്ധിയോടെ കാര്യങ്ങൾ തിരിച്ചറിയാൻ കഴിവുള്ള കേരള ജനതയ്ക്ക് ഇവയെ വിജയിപ്പിക്കാൻ കഴിയും. ഇതിന് എല്ലാവരുടേയും പങ്കാളിത്തമാണാവശ്യം.

○ ആഗോളവൽക്കരണമെന്നാൽ വിപണിവൽക്കരണം

○ വിപണിവൽക്കരണത്തിനെതിരെ പ്രതിരോധമുയർത്തുക

○ നമുക്കുവേണ്ട സോപ്പ് നമുക്ക് തന്നെ നിർമിക്കാം

○ ഉപഭോഗം ആയുധമാക്കുക

○ ബഹുരാഷ്ട്രകുത്തകകളുടെ ഉല്പന്നങ്ങൾ ബഹിഷ്കരിക്കുക

○ സ്വാശ്രയഭാരതം കെട്ടിപ്പടുക്കുക

പ്രസാധനം, വിതരണം:
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കൊച്ചി - 24
അച്ചടി : എസ്.കെ. എൻറർപ്രൈസസ്, കൊച്ചി - 18
വില : 6 രൂപ

KSSP 1062 IE Dec.2001 Dy1/8 3K 0600 LL7/001